# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വടകര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-18

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി7/1761/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്

കോഴിക്കോട് ജില്ല.

ഇ-മെയിൽ -dokkd.ksad@kerala.gov.in

ഫോൺ - 0495 2371012

തീയ്യതി:15.10.2018

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

വടകര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വടകര ബ്ലോക്ക് പഞ്ചായത്ത്- 2017-18സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി7/1761/2018 തിയ്യതി:16.10.2018

# കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 9.7.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ റിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.പി. ഉണ്ണികൃഷ്ണൻ | |
| | | ജോയന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 9.7.2018മുതൽ 19.7.2018വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീ എസ് സുരേഷ് | ഓഡിറ്റ് ഓഫീസർ 9.7.18-11.07.18 |
| | : | ശ്രീ. ഇ. വി. ഹരി | ഓഡിറ്റ് ഓഫീസർ 16.7.18-19.7.18 |
| | | ശ്രീ. എം. കരുണാകരൻ | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. കെ. വി. | ഓഡിറ്റർ |

| | | | |
|---|---|---|---|
| | | ശ്രീജിത്ത് | |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ. കോട്ടയിൽ രാധാകൃഷ്ണൻ | 1.4.2017മുതൽ 31.3.2018വരെ |
| സെക്രട്ടറി | : | ശ്രീമതി. കെ. അജിത | 1.4.2017മുതൽ 17.5.2017വരെ |
| | | ശ്രീമതി. ജീനാബായ്. കെ | 18.5.2017മുതൽ 7.6.2017വരെ |
| | | ശ്രീ. എം.കെ. അജിത്കുമാർ | 8.6.2017മുതൽ 9.7.2017വരെ |
| | | ശ്രീമതി. ജീനാബായ്. കെ. | 10.7.2017മുതൽ31.3.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | ശ്രീ. കെ. യു. ഉദയൻ | 1.4.2017മുതൽ 31.3.2018വരെ |
| പട്ടികജാതി വികസന ഓഫീസർ | | ശ്രീ. നസറുദ്ദീൻ | 1.4.2017മുതൽ 12.2.2018വരെ |
| | | ശ്രീ. ടി. അബ്ദുൽ അസീസ് | 19.2.2017മുതൽ 31.3.2018വരെ |
| ക്ഷീര വികസന ഓഫീസർ | | ശ്രീ. എം. ഉണ്ണികൃഷ്ണൻ | 1.4.2017മുതൽ 31.3.2018വരെ |
| കൃഷി അസിസ്റ്റന്റ് ഡയരക്ടർ | | ശ്രീമതി.ബി.കെ. ജയശ്രീ | 1.4.2017മുതൽ 31.3.2018വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | | ശ്രീമതി. ടി. എൻ. ധന്യ | 1.4.2017മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ , കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | | ഡോ.കെ.ജി. ചെറിയാൻ | 1.4.2017മുതൽ 1.11.2017വരെ |
| | | ഡോ. എം. മോഹൻ | 2.11.2017മുതൽ 31.3.2018വരെ |
| വ്യവസായ വികസന ഓഫീസർ | | ശ്രീ. പി. കെ ഗംഗാധരൻ | 1.4.2017മുതൽ 31.3.2018വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം-1 | പാര നമ്പർ |
|---|---|---|
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം ( ACR പ്രകാരം ) | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | രശീത് പിരിവിലെ അപാകതകൾ | 2-1 |
| 14 | ബജറ്റ് രൂപീകരണം- നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | 2-2 |
| 15 | കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല. | 2-3 |
| | ഭാഗം-3 | |
| 16 | ചെലവുകളുടെ നിയന്ത്രണം-പരിശോധന കാര്യക്ഷമമല്ല | 3-1 |
| 17 | പ്രൊക്യൂർമെന്റ് കമ്മിറ്റി-ചുമതലാ നിർവ്വഹണത്തിലെ വീഴ്ചകൾ | 3-2 |
| 18 | വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി-പദ്ധതി പുരോഗതി അവലോകനം കാര്യക്ഷമമല്ല | 3-3 |
| 19 | മെയിന്റെനൻസ് ഗ്രാന്റ് വിനിയോഗത്തിൽ സർക്കാർ മാർഗനിർദേശങ്ങൾ പാലിക്കപ്പെടുന്നില്ല. | 3-4 |
| 20 | നെല്ല് ഉൽപാദന കൂലിച്ചെലവ് സബ്സിഡി- മേഖലാ ചുമതലകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയും വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവവും | 3-5 |
| 20 | തീരവസന്തം- മത്സ്യത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിൽ പരിശീലനം നൽകൽ.-പ്രോജക്ടുകൾ മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പിലാക്കി. | 3-6 |
| 22 | പട്ടികജാതി വികസന മേഖലയിൽ ആസൂത്രണം ചെയ്തപ്രോജക്ടുകൾ ഭൂരിഭാഗവും | 3-7 |

| | | |
|---|---|---|
| | നടപ്പിലാക്കിയിട്ടില്ല. | |
| 23 | ശിശു വികസന പദ്ധതി ഓഫീസർ നിർവ്വഹണം ചെയ്തിട്ടുള്ള പ്രോജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമല്ല | 3-8 |
| 24 | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | 3-9 |
| 25 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മുച്ചക്ര വാഹനം വിതരണം -വാങ്ങിയതിൽ ഒരെണ്ണം വിതരണം ചെയ്തിട്ടില്ല. | 3-10 |
| 26 | ആരോഗ്യ മേഖലയിലെ പദ്ധതികൾ അടിസ്ഥാന സൗകര്യ വികസനത്തിലൊതുങ്ങി. | 3-11 |
| 27 | പദ്ധതി ആസൂത്രണത്തിലെ പിഴവ്- എം.ആർ.എഫ് കേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല. | 3-12 |
| | ഭാഗം-4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 35 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |



# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ പുതുക്കിയ ബജറ്റ് 17.3.2018 തീയതിയിലെ ബി.പി.01/2017-18 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 12.6.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 4.7.2018 മുതൽ 6.7.2018 വരെ | കെ.എസ്.എ.കെ.കെ.ഡി.ഇ2/1111/2018 (82) തീയതി 7.7.2018 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 93,33,348

വരവ് - 2,73,46,929

ആകെ - 3,66,80,277

ചെലവ് - 3,18,85,378

നീക്കിയിരിപ്പ് – 47,94,899

## 1-5 ഫണ്ട് വിനിയോഗം ( ACR പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 18809983 | 18809983 | 18614953 | 195030 |
| വികസനഫണ്ട് എസ്.സി.പി. | - | 1988000 | 1988000 | 890000 | 1098000 |
| വികസനഫണ്ട് ടി.എസ്.പി. | - | 21000 | 21000 | - | 21000 |
| സംരക്ഷണഗ്രാന്റ് റോഡ് | - | - | - | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 2401000 | 2401000 | 2400625 | 375 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | | | |

| | | | | | |
|---|---|---|---|---|---|
| കെ.എൽ.ജി.എസി.ജി.ഡി.പി | | | | | |
| ട്രഷറി ഓൺ ഫണ്ട് VPFA I,II | | | | | |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപസ് ) | 5400883 | 3582000 | 8982883 | 7937018 | 1045865 |
| ലിറ്ററസി | 1070 | 75295 | 76365 | 75018 | 1347 |
| ശുചിത്വം | 71411 | 48280 | 119691 | 10015 | 109676 |
| എം.ജി.എൻ.ആർ.ജി.എസ് | 1000 | 821050 | 822050 | 819152 | 2898 |
| മറ്റു വരവുകൾ | 49944 | 131043 | 180987 | 154565 | 26422 |
| ടി.എസ്.ബി ജോയിന്റ് വെൻച്വർ | - | - | - | - | - |
| പി.എം.എ.വൈ | 1600989 | 595697 | 2196686 | 871584 | 1325102 |
| നിർമ്മൽ പുരസ്കാരം | 2111852 | 80595 | 2192447 | 60 | 2192387 |
| തനത് ഫണ്ട് | 2344743 | 380814 | 2725557 | 53050 | 2672507 |
| ക്യാഷ്(തനത് ഫണ്ട്) | - | – | - | - | - |
| മറ്റിനം | 2683 | 219 | 2902 | - | 2902 |
| ആകെ | 11584575 | 28934976 | 40519551 | 31826040 | 8693511 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 68 | 33960891 | 45 | 21905578 | 15 | 8 | 66 |

## 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-8 ക്ഷേമപദ്ധതികൾ

ബാധകമല്ല.

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.7.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1000 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1. ഓഫീസ് ഉത്തരവ് കൃത്യമായി പാലിക്കപ്പെടുന്നില്ല.

2. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും തയ്യാറാക്കുന്നതിലും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുവെന്നുറപ്പുവരുത്തുന്നതിനാവശ്യമായ ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഉദാഹരണം - ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ മുതലായ രജിസ്റ്ററുകൾ.

3. സ്റ്റാന്റിംഗ് കമ്മിറ്റികൾ,വർക്കിംഗ് ഗ്രൂപ്പുകൾ,പ്രോക്യൂർമെന്റ് കമ്മിറ്റി തുടങ്ങി വിവിധ കമ്മിറ്റികളുടെ മീറ്റിംഗ് മിനുട്സ് എഴുതി പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.4.2017 | 1.10.2016 മുതൽ 31.3.2017 വരെ | റിപ്പോർട്ട് റിപ്പോർട്ട് നം. 109/DPA.1./15/KKD/17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.3.2018 | 2012-13 മുതൽ 2016-17 വരെ | LBA.HQ./111/11/8A-7/2018-19/1 തീയതി 3.5.2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

7.7.2018 ലെ കെ.എസ്.എ.കെ.കെ.ഡി/ഇ2/1111/2018(82) നമ്പർ ഓഡിറ്റ് സാക്ഷ്യ പത്രത്തിലെ അപാകതകൾ അതേ പടി നിലനിൽക്കുന്നു. കൂടാതെ താഴെപ്പറയുന്ന അപാകതകൾ കൂടി ഓഡിറ്റ് സമയത്ത് ശ്രദ്ധയിൽപ്പെട്ടു.

1.വരവ് ചെലവുകൾ കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. ഉദാ- വ്യവസായ എസ്റ്റേറ്റിലെ വരവുകൾ മുഴുവനായും മിസലേനിയസ് രസീറ്റായാണ് രേഖപ്പെടുത്തുന്നത്. പിഴ, പലിശ എന്നിവ വെവ്വേറെ അക്കൗണ്ട് ചെയ്തിട്ടില്ല.

2.വ്യവസായ എസ്റ്റേറ്റിൽ നിന്നും പിരിച്ചെടുക്കാനുള്ള തുക ബി-15 ൽ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീത് പിരിവിലെ അപാകതകൾ

വടകര ബ്ലോക്ക് പഞ്ചായത്തിന്റെ സാംഖ്യ ഡേ ബുക്ക് പരിശോധിച്ചതിൽ 2017-18 വർഷത്തിൽ 5 സാംഖ്യ രശീത് കൗണ്ടറുകൾ (5 വ്യത്യസ്ത ലോഗിനുകൾ) ഉപയോഗിച്ച് 30 രശീതുകളിലൂടെ ഓഫീസ് പിരിവ് നടത്തിയതായി കാണുന്നു. എന്നാൽ 8 നമ്പർ കൗണ്ടർ മുഖേന ജനറേറ്റ് ചെയ്ത 17 രശീതുകൾ മാത്രമെ ഭൗതിക പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. സൂചിക കൈപ്പറ്റ് രശീതുകൾ നൽകുന്നതിനുള്ള നീല നിറത്തിലുള്ള സ്റ്റേഷനറിയാണ് സാംഖ്യ രശീത് പ്രിന്റ് ചെയ്യുന്നതിന് ഉപയോഗിച്ചിരിക്കുന്നത്. 2017-18 വർഷത്തിൽ ഇത്തരത്തിലുള്ള 19 രശീതുകൾ മാത്രമെ ഉപയോഗിച്ചിട്ടുള്ളൂവെന്ന് സ്റ്റേഷനറിയുടെ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തിയതിൽ നിന്നും വ്യക്തമായിട്ടുണ്ട്.ആയതിൽ 2 സ്റ്റേഷനറികൾ പ്രിന്റർ തകരാർ മൂലം റദ്ദ് ചെയ്തിട്ടുണ്ട്.( രശീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.). മേൽ വസ്തുതകളിൽ നിന്നും 4,7,10,14 നമ്പർ കൗണ്ടറുകളിൽ നിന്നും ജനറേറ്റ് ചെയ്ത രശീതുകൾ പ്രിന്റ് എടുത്തിട്ടില്ലെന്നത് വ്യക്തമാകുന്നു. ഡേ ബുക്ക് പ്രകാരമുള്ള 13 വരവുകൾക്ക് (ഇന്ററപ്റ്റ് രശീത് ഒഴികെ ) രശീത് നൽകിയിട്ടില്ല.

സ്ഥാപനത്തിൽ ഓഫീസ് കലക്ഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ കലക്ഷൻ ദിവസങ്ങളിലെ ഡേ ബുക്ക് പ്രിന്റെടുത്ത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.വിശദമായ ജോലിവിഭജന ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിലുള്ള വീഴ്ചയും, രശീത് പിരിവ്, ഒടുക്കൽ, അക്കൗണ്ട് ചെയ്യൽ എന്നിവ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരാൽ നിരീക്ഷിക്കപ്പെടുന്നതിലുണ്ടായ വീഴ്ചയുമാണ് മേൽ പരാമർശിച്ച അപാകതകൾക്ക് കാരണമായത്.സെക്രട്ടറിയുടെ 15.03.2014 തിയ്യതിയിലെ 02/14 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം സാംഖ്യ/ മാന്വൽ രശീതുകൾ അനുവദിക്കുന്നതിന് ചുമതലപ്പെടുത്തിയ ഹെഡ് ക്ലർക്ക് സീറ്റിന് പുറമെ പ്രിന്റർ ഘടിപ്പിക്കാത്ത സീറ്റുകളിൽ നിന്നും സാംഖ്യ രശീതുകൾ ജനറേറ്റ് ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. മാസാന്ത്യ വരവ് ചെലവ് കണക്കുകളുടെ പരിശോധനയും അംഗീകരിക്കലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ അജണ്ടയായി ഉൾപ്പെടുത്തുന്നുണ്ടെങ്കിലും അജണ്ടയിന്മേൽ ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടന്നതായി മിനുറ്റ്സുകളിൽ രേഖപ്പെടുത്തി കാണുന്നില്ല. പൊതുഭരണം , ധനകാര്യം എന്നിവയുടെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ പരാമർശിച്ച അപാകതകൾ ശ്രദ്ധിക്കുകയുണ്ടായിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും താഴെ പറയുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് മേൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

1. വ്യക്തവും സമഗ്രവുമായ ഒരു ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.ആയതിൽ രശീത് പിരിവിന്റെ ചുമതല, പിരിവ്/ഒടുക്കൽ നിരീക്ഷിക്കലും അക്കൗണ്ട് ചെയ്യൽ, സാക്ഷ്യപ്പെടുത്തൽ എന്നീ ചുമതലകൾ വ്യത്യസ്ത ജീവനക്കാരിൽ ചുമതലപ്പെടുത്തേണ്ടതാണ്.
2. സൂചിക കൈപ്പറ്റ് രശീതി സ്റ്റേഷനറിയിൽ രശീത് അനുവദിക്കുന്നത് അടിയന്തിരമായി അവസാനിപ്പിക്കേണ്ടതാണ്.
3. എല്ലാ രശീതുകളും പ്രിന്റർ ഘടിപ്പിച്ച കമ്പ്യൂട്ടറുകളിൽ നിന്നും ജനറേറ്റ് ചെയ്യേണ്ടതാണ്.

## 2-2 ബജറ്റ് രൂപീകരണം- നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

25.03.2017 തിയ്യതിയിലാണ് വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് അംഗീകരിച്ചിട്ടുള്ളത്. ബഡ്ജറ്റ് രൂപീകരണ പ്രക്രിയയിൽ പഞ്ചായത്തുകളുടെ ബഡ്ജറ്റ് മാന്വൽ, കേരള പഞ്ചായത്തിരാജ് ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങളും നിബന്ധനകളും

പാലിക്കാതെയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

അപാകതകൾ ചുവടെ ചേർക്കുന്നു.

1.ബഡ്ജറ്റ് ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത്.ആയതിനാൽ വാർഷിക കണക്കുമായി ഒത്തുനോക്കാനായിട്ടില്ല.

2.പദ്ധതി, പദ്ധതിയിതര ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കപ്പെട്ടിട്ടില്ല. വിവിധ ഘടക സ്ഥാപനങ്ങളിലെ തലവന്മാരെ വിളിച്ച് ചേർത്ത് പദ്ധതിയിതര ശുപാർശകൾ തേടുന്നതിന് സെക്രട്ടറി മുൻകൈ എടുത്തിട്ടില്ല. വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സമക്ഷം സമർപ്പിച്ചിട്ടില്ല.

3.സ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല.

4. പ്രതീക്ഷിത വരുമാനം, ചെലവ് എന്നിവ യാഥാർത്ഥ്യ ബോധത്തോടെയല്ല വകയിരുത്തിയിട്ടുള്ളത്.ഉദാ- വ്യവസായ എസ്റ്റേറ്റ് പ്ലോട്ടിൽ നിന്നും 2017-18 ലെ പ്രതീക്ഷിത വരുമാനമായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 100000 രൂപ മാത്രമാണ്,എന്നാൽ ബഡ്ജറ്റ് രൂപീകരണ വേളയിൽ തന്നെ വൻതുക കുടിശ്ശിക ഉണ്ടായിരുന്നു, 191585 രൂപ തൻവർഷം വരവുമുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ വാടക വരവിനത്തിൽ പ്രതീക്ഷിത വരുമാനമായി രേഖപ്പെടുത്തിയിരിക്കുന്നത് 280000 രൂപയാണ്. 2250 രൂപ മാസവാടക നിശ്ചയിച്ചിട്ടുള്ള കെട്ടിടത്തിൽ നിന്നും 280000 വാർഷിക വരുമാനം പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് യാഥാർത്ഥ്യ ബോധമോ , അടിസ്ഥാന തത്വങ്ങളോ പുലർത്തിയിട്ടില്ലെന്ന് വ്യക്തമാവുന്നു. ( തൻവർഷം ഈ ഇനത്തിലുണ്ടായിട്ടുള്ള വരവ് 16750 രൂപ മാത്രമാണ്.)

5. വളരെ കുറച്ച് ചെലവ് ശീർഷകങ്ങൾ മാത്രമെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ ബഡ്ജറ്റ് മാന്വൽ 02.12.2016 തിയ്യതിയിലെ G.O(rt)3291/2016 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്.ആയതിനാൽ 2017-18 വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കേണ്ടിയിരുന്നത് 1994 ലെ കേരളപഞ്ചായത്ത് രാജ് ചട്ടം -214 , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ എന്നിവക്കനുസരിച്ചായിരുന്നു.ആയത് പാലിക്കപ്പെട്ടില്ല.

1994 ലെ പഞ്ചായത്ത് രാജ് നിയമം, ചട്ടം 175 പ്രകാരം തയ്യാറാക്കുന്ന വികസന പദ്ധതി ചെലവിനങ്ങൾ പൂർണ്ണമായും ബഡ്ജറ്റിൽ ഉൾകൊള്ളിച്ചിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് പാസാക്കിയത് മൂലം ചില ചെലവിനങ്ങൾ വകയിരുത്തൽ പരിധി പിന്നിട്ടതായും കാണുന്നു. (ഉദാ- ബജറ്റ് പ്രകാരം പത്രപരസ്യത്തിനുള്ള ബജറ്റ് വിഹിതം 25000 രൂപയായിരുന്നു, എന്നാൽ 2017-18 ൽ ഈ ഇനത്തിൽ 46932 രൂപ ചെലവഴിച്ചിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.( നം.14 തിയ്യതി.18.07.2018 )

വിവിധ തലങ്ങളിലുള്ളവർ ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതാണ് മേൽ പരാമർശിച്ച അപാകതകൾക്ക് കാരണമായി തീർന്നത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ

പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് ചട്ടങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് ഉറപ്പ് വരുത്തേണ്ടതാണ്.

2. ബജറ്റ് രൂപീകരണ പ്രക്രിയയിലെ വിവിധ ഘട്ടങ്ങളുടെ സമയക്രമപട്ടിക തയ്യാറാക്കി ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിരീക്ഷിക്കേണ്ടതാണ്.

3. ബജറ്റ് ഫങ്ഷൻ, ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്.

4. സ്ഥാപനത്തിന്റെ മുഴുവൻ വരവ്/ചെലവ് ശീർഷകങ്ങളും ഉൾപ്പെടുത്തി ബജറ്റ് സമഗ്രമാക്കേണ്ടതാണ്.

## 2-3 കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എസ്.ജി.എസ്.വൈ വിപണന കേന്ദ്രം വാടകയ്ക്ക് നൽകിയ ഇനത്തിൽ 2017-18 വർഷത്തിൽ 19200 രൂപ സംഗമം ആക്ടിവിറ്റി ഗ്രൂപ്പിൽ നിന്നും ലഭിക്കാനുണ്ട്. വാടക അടവാക്കുന്നതിൽ സംഗമം ആക്റ്റിവിറ്റി ഗ്രൂപ്പ് 8 മാസത്തെ കുടിശ്ശിക വരുത്തിയിട്ടുണ്ട്. കുടിശ്ശിക തുക 2018-19 വർഷത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും പിഴ ഈടാക്കിയിട്ടില്ല. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിയലും ചട്ടങ്ങൾ ) ഉപചട്ടം 7(2) പ്രകാരം അനുബന്ധം III മാതൃകയിലല്ല വാടക ഉടമ്പടി ചമച്ചിരിക്കുന്നത്. നിലവിലുള്ള വാടക ഉടമ്പടിയിൽ മാസവാടക അടവാക്കേണ്ട തിയ്യതിയോ പിഴനിരക്കോ ചേർത്തിട്ടില്ല.

വാടക കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് സ്ഥാപനം 2017-18 വർഷത്തിൽ യാതൊരു വിധത്തിലുള്ള നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശികതുക പിരിച്ചെടുത്തിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംഗമം ആക്ടിവിറ്റി ഗ്രൂപ്പിന് നൽകാനുള്ള വിവിധ ബിൽ തുകകൾ അനുവദിക്കുന്നതിലുണ്ടാകുന്ന കാലതാമസം കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തടസ്സമാകുമെന്നുണ്ടെന്നറിയിച്ചിട്ടുണ്ട്. മേൽ മറുപടി അംഗീകാര യോഗ്യമല്ല. വരവിനങ്ങളെന്നപോലെ ചെലവിനങ്ങളും യഥാസമയം അനുവദിക്കപ്പെടുന്നുണ്ടെന്നത് ഉറപ്പ് വരുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

അഴിയൂർ വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകളിൽ നിന്നും 1190585 രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുണ്ട്. എന്നാൽ 2017-18 വർഷത്തിൽ 3 പ്ലോട്ടുകളിലെ കൈവശക്കാർ മാത്രമെ തുക അടവാക്കിയിട്ടുള്ളൂ. പ്ലോട്ടിന്റെ തുക അടവാക്കാത്തവർക്കെതിരെ ബ്ലോക്ക് പഞ്ചായത്ത് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

വരവിനങ്ങളുടെ കുടിശ്ശിക വിവരങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതായോ കുടിശ്ശിക വരുത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതായോ കാണുന്നില്ല. വരവിനങ്ങളുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിക്കപ്പെടാത്തതിനാലാണ് സ്ഥാപനത്തിൽ വരവിനങ്ങളിൽ കുടിശ്ശികയുണ്ടായതെന്ന് വ്യക്തമാവുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ

സ്വീകരിക്കാവുന്നതാണ്.

1. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിയലും ചട്ടങ്ങൾ ) ഉപചട്ടം 7(2) അനുബന്ധം III മാതൃകയിൽ തന്നെ വാടക കരാർ ചമക്കേണ്ടതാണ്.

2.അതത് മാസത്തെ ചെലവുകൾ അംഗീകരിക്കുക എന്നതാണ് നിലവിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളുടെ മുഖ്യ അജണ്ട. മാസാന്ത്യ വരവ് ചെലവ് കണക്ക് പത്രികകളും ത്രൈമാസ,അർദ്ധവർഷ പത്രികകളും സമഗ്രമായി വിലയിരുത്തി അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

3.വരവ് തുകകൾ കുടിശ്ശിക കൂടാതെ പിരിച്ചെടുക്കുന്നതിനും ചെലവ് ബില്ലുകൾ പ്രകാരമുള്ള തുകകൾ യഥാസമയം അനുവദിക്കപ്പെടുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചെലവുകളുടെ നിയന്ത്രണം-പരിശോധന കാര്യക്ഷമമല്ല

2017-18 വർഷത്തിലെ തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ പരിശോധനാ വിധേയമാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ടെണ്ടർ നടപടി സ്വീകരിക്കാതെ കമ്പ്യൂട്ടറുകൾ നേരിട്ട് വാങ്ങി

| ചെലവിന്റെ വിശദാംശം | |
|---|---|
| വൗച്ചർ നമ്പരും തിയ്യതിയും | 2170007/9.5.17 |
| തുക/ഫണ്ട് | 104000, ജനറൽ പർപസ് ഗ്രാന്റ് |
| ചെക്ക് നമ്പറും തിയ്യതിയും | 1515537/09.05.2017 |
| തുക കൈപ്പറ്റിയത് | അക്കോർഡ് സിസ്റ്റംസ് , എടോടി |
| തീരുമാനം നം | BPR.No-11/2017, Dt.25-04-2017 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

2017-18 വർഷത്തിൽ പ്രൊജക്ട് നം-6/18, 15/018 എന്നീ പദ്ധതികളിലൂടെ വികസനഫണ്ട് ഉപയോഗപ്പെടുത്തി 2 കമ്പ്യൂട്ടറുകളും 1 ലാപ്ടോപും ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലേക്ക് വാങ്ങിയിട്ടുണ്ട്. ആയതിന് പുറമെ പദ്ധതിയിലുൾപ്പെടുത്താതെ മേൽ പരാമർശിച്ച വൗച്ചറിലൂടെ തനത് ഫണ്ട് ഉപയോഗിച്ച് അക്കോർഡ് സിസ്റ്റംസ്, എടോടി വടകര എന്ന സ്ഥാപനത്തിൽ നിന്നും 2 കമ്പ്യൂട്ടറുകളും 1 ലാപ്ടോപും ടെണ്ടർ/കൊട്ടേഷൻ നടപടികൾ സ്വീകരിക്കാതെ നേരിട്ട് വാങ്ങി.ഇവ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഓഡിറ്റിന്

ഹാജരാക്കിയ വൗച്ചറിൽ രേഖപ്പെടുത്തിയ തീരുമാനം നമ്പർ പരിശോധിച്ചതിൽ അത് 2016-17 വർഷത്തെ പദ്ധതി പ്രകാരം പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി കമ്പ്യൂട്ടർ വാങ്ങാനുള്ള അനുമതിയാണ്. ഒരു ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം ടെണ്ടർ രീതി അവലംബിക്കേണ്ടതാണ്.അക്കോർഡ് സിസ്റ്റംസ് എടോടി എന്ന സ്ഥാപനം ബ്ലോക്ക് പഞ്ചായത്തിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സർവ്വീസ് നടത്തുന്ന സ്ഥാപനമാണ്.(എ.എം.സി ഇല്ല). പ്രൊജക്ട് പ്രകാരമുള്ള കമ്പ്യൂട്ടറുകളും അക്കോർഡിൽ നിന്നാണ് വാങ്ങിയത് (ടെണ്ടർ മുഖേന).ചെലവ് രേഖകളും വാങ്ങൽ രീതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധനാ വിധേയമാക്കിയില്ല. മേൽ ഇനത്തിൽ ചെലവഴിച്ച 104000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. .

<u>2.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 2 മാസത്തെ ഇന്റർനെറ്റ് ചാർജ്ജ് 16983 രൂപ</u>

2017 സെപ്തംബർ മാസത്തിലെ ടെലഫോൺ ,ഇന്റർനെറ്റ് ചാർജ്ജായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 4783 രൂപ ജനറൽ പർപസ് ഗ്രാന്റിൽ നിന്നും അനുവദിച്ചതായി കാണുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

| ചെലവിന്റെ വിശദാംശം | |
|---|---|
| വൗച്ചർ നമ്പരും തിയ്യതിയും | 21700370/25.10.2017 |
| തുക/ഫണ്ട് | 4783, ജനറൽ പർപസ് ഗ്രാന്റ് |
| ചെക്ക് നമ്പറും തിയ്യതിയും | 2054719/25.10.2017 |
| തുക കൈപ്പറ്റിയത് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| തീരുമാനം നം | ലഭ്യമല്ല |
| ബിൽ നം/ തിയ്യതി | SZDKL0002521594/06.10.2017 |

ബിൽ പരിശോധിച്ചതിൽ ബി.എസ്.എൻ.എൽ ന്റെ ഒരു പരിമിത പ്ലാനാണ് സ്ഥാപനത്തിൽ നിലവിലുള്ളതെന്ന് ബോദ്ധ്യപ്പെട്ടു. (BBG CNT COMBO 500) .പ്രസ്തുത പ്ലാൻ പ്രകാരം പരിമിതമായ 2 GB ഡാറ്റയാണ് ഒരു മാസത്തേക്ക് ലഭ്യമാകുക. എന്നാൽ സ്ഥാപനം 13.7 ഡാറ്റ തൻമാസം ഉപയോഗിച്ചതായി കാണുന്നു (145 മണിക്കൂർ സമയം ഇന്റർനെററ് ഉപയോഗിച്ചു , തന്മാസം ആകെ 17 പ്രവൃത്തി ദിനങ്ങൾ മാത്രമാണുണ്ടായിരുന്നത് , ദിനം പ്രതി ശരാശരി 8 മണിക്കൂറിലധികം ഉപയോഗം). അധികരിച്ച ബിൽ തുകയും ഡാറ്റാ ഉപഭോഗവും പരിശോധിക്കാതെ ബിൽ തുക പാസാക്കി നൽകുകയാണ് സെക്രട്ടറിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ചെയ്തിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബിൽ പാസാക്കി നൽകുന്നതിന് മുമ്പായി ബിൽ തുക വർദ്ധിച്ചതിന്റെ കാരണം പരിശോധിച്ചിട്ടില്ല. ഇക്കാരണത്താൽ അപാകത ഒക്ടോബർ

മാസത്തെ ബില്ലിലും ആവർത്തിച്ചു.വിശദാംശം ചുവടെ ചേർക്കുന്നു.

| ചെലവിന്റെ വിശദാംശം | |
|---|---|
| വൗച്ചർ നമ്പരും തിയ്യതിയും | 21700382/24.11.2017 |
| തുക/ഫണ്ട് | 12200, ജനറൽ പർപസ് ഗ്രാന്റ് |
| ചെക്ക് നമ്പറും തിയ്യതിയും | 2054543/24.11.2017 |
| തുക കൈപ്പറ്റിയത് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| തീരുമാനം നം | BPR-99(8)/2017-18, Dtd.23.11.2017 |
| ബിൽ നം/ തിയ്യതി | SDCKL0000333303/06.11.2017 |

തുക അനുദിക്കുന്നതിൽ തീരുമാനമെടുക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബിൽ ഭരണസമിതിയുടെ തീരുമാനത്തിന് വിടുകയാണുണ്ടായത്. എന്നാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അഭിപ്രായം രേഖപ്പെടുത്താതെയാണ് ഭരണസമിതിക്ക് നൽകിയിട്ടുള്ളത്.ഭരണസമിതിയുടെ 23.11.2017 ലെ 99(8)/2017-18 നമ്പർ തീരുമാന പ്രകാരം തുക പാസാക്കി നൽകുന്നതിന് തീരുമാനിച്ചെങ്കിലും ബിൽതുക വർദ്ധിച്ചതിന്റെ കാരണം പരിശോധിക്കപ്പെട്ടിട്ടില്ല.

ബിൽ പ്രകാരം ഒക്ടോബർ മാസത്തെ ഇന്റർനെറ്റ് ഉപയോഗം 35.13 ജിഗാബൈറ്റാണ്. 207 മണിക്കൂറും 34 മിനിറ്റും ഇന്റർനെറ്റ് ഉപയോഗിച്ച ഇനത്തിൽ മാത്രമായി 10295.10 രൂപ ചെലവായി.(സർവ്വീസ് ചാർജ്,നികുതി ഉൾപ്പെടെ 12200രൂപ) പ്രവൃത്തി ദിവസങ്ങളിൽ ശരാശരി 9 മണിക്കൂറും 447 രൂപയും 1.5 ജിഗാബൈറ്റ് ഡാറ്റയും ഇന്റർനെറ്റിനായി ചെലവഴിക്കപ്പെടുകയുണ്ടായി. പരിധിയില്ലാത്ത ഇന്റർനെറ്റ് സേവനങ്ങൾ ഒരു മാസത്തേക്ക് 400 രൂപയിൽ താഴെ നിരക്കിൽ ലഭിക്കുമെന്ന സാഹചര്യം നിലവിലുള്ളപ്പോഴാണ് ഇത്തരത്തിലുള്ള ചെലവുണ്ടായതെന്നത് ശ്രദ്ധേയമാണ്. മേൽ വസ്തുതകൾ ബിൽ തുകകൾ അനുവദിക്കും മുൻപ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ഭരണസമിതിയോ പരിശോധിച്ചിട്ടില്ല. ബില്ലിന്മേൽ ആവശ്യമായ പരിശോധനകൾ നടത്തുന്നതിൽ സെക്രട്ടറിയും വീഴ്ച വരുത്തി. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

3. <u>പ്രസിഡണ്ടിന്റെ വാഹനത്തിന്റെ റിപ്പയർ ചെലവ് -94829 രൂപ</u>

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ KL-18-H-7777 നമ്പർ മഹീന്ദ്ര ബൊലേറോ വാഹനത്തിന്റെ റിപ്പയർ ചാർജ്ജ് ഇനത്തിൽ 2017-18 വർഷത്തിൽ 94829 രൂപ ചലവഴിച്ചിട്ടുണ്ട്. 2012 വർഷത്തിൽ വാങ്ങിയ വാഹനത്തിന് റിപ്പയർ ചാർജ്ജിനത്തിൽ വൻതുക ചെലവഴിക്കേണ്ടി വരുന്നുണ്ട്. മേൽ സാഹചര്യത്തിലും വാഹനം സാങ്കേതിക

പരിശോധനക്ക് വിധേയമാക്കാതെയും 30.06.2007 ലെ സ.ഉ(എം.എസ്) 170/2007 നമ്പർ ഉത്തരവ് പാലിക്കാതെയും റിപ്പയർ ചാർജ്ജിനത്തിൽ തുക ചെലവഴിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
30.06.2007 ലെ സ.ഉ(എം.എസ്) 170/2007 നമ്പർ ഉത്തരവ് ക്രമനമ്പർ 9 പ്രകാരം കസ്റ്റോഡിയനായ സെക്രട്ടറി ഇടക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ഉപയോഗം ക്രമ പ്രകാരമാണോ എന്ന് ഉറപ്പ് വരുത്തേണ്ടതും മേൽ വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. 6 മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധന ഉപഭോഗ പരിശോധന നടത്തേണ്ടതും സാക്ഷ്യപത്രം ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. വാഹനത്തിന് ഏതെങ്കിലും തരത്തിലുള്ള അറ്റകുറ്റപണി ആവശ്യമുണ്ടെങ്കിൽ ഡ്രൈവർ അത് സംബന്ധിച്ച ഒരു റിപ്പോർട്ട് കസ്റ്റോഡിയന് സമർപ്പിക്കേണ്ടതും കസ്റ്റോഡിയനോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തിയ എഞ്ചിനീയറോ അത് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കണം. 2000 രൂപ വരെയുള്ള ചെലവ് സെക്രട്ടറിക്കും 2000 മുതൽ 10000 വരെ ചെലവ് വരുന്ന റിപ്പയർ പ്രവൃത്തി സെക്രട്ടറിക്ക് സർക്കാർ അംഗീകൃത വർക്ക്ഷോപ്പിൽ നിന്ന് നേരിട്ടോ, ഭരണസമിതിയുടെ അംഗീകാരത്തോട് കൂടി ഒരേ സ്വഭാവമുള്ള കൊട്ടേഷൻ മുഖേനയോ നിർവ്വഹിക്കേണ്ടതാണ്. 10000 രൂപക്ക് മുകളിൽ ചെലവ് വരുന്ന റിപ്പയർ പ്രവൃത്തികൾ ഒരേ സ്വഭാവമുള്ള കൊട്ടേഷൻ മുഖേന മാത്രം നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനത്തിന്റെ റിപ്പയർ പ്രവൃത്തികൾക്കായി തുക ചെലവഴിക്കുമ്പോൾ മേൽ നിബന്ധനകളൊന്നും പാലിക്കപ്പെട്ടതായി കാണുന്നില്ല. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ചെലവ് തുക 94829 രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | വൗച്ചർ നമ്പരും തിയ്യതിയും | തുക | റിപ്പയർ പ്രവൃത്തി നടത്തിയ സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 21700080/17.05.17 | 8440 | Eram Motors , Vadakara | കൊട്ടേഷൻ ഇല്ല, വർക് ഷോപ് അല്ല |
| 2 | 21700094/25.05.2017 | 5300 | Denso Auto, Vatakara | കൊട്ടേഷൻ ഇല്ല, വർക് ഷോപ് അല്ല |
| 3 | 21700113/07.06.2017 | 9805 | Eram Motors , Vadakara | കൊട്ടേഷൻ ഇല്ല, വർക് ഷോപ് അല്ല |
| 4 | 21700136/16.06.2017 | 27000 | Global Wheel care, Vatakara | കൊട്ടേഷൻ ഇല്ല, വർക് ഷോപ് അല്ല |
| 5 | 21700179/24-07-2017 | 6556 | Eram Motors , Vadakara | കൊട്ടേഷൻ ഇല്ല, വർക് |

| ക്രമ നം | വൗച്ചർ നമ്പരും തിയ്യതിയും | തുക | റിപ്പയർ പ്രവൃത്തി നടത്തിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| | | | | ഷോപ് അല്ല |
| 6 | 21700212/04.08.2017 | 15086 | Eram Motors , Vadakara | കൊട്ടേഷൻ ഇല്ല, വർക് ഷോപ് അല്ല |
| 7 | 21700238/29-08-2017 | 4342 | Eram Motors , Vadakara | കൊട്ടേഷൻ ഇല്ല, വർക് ഷോപ് അല്ല |
| 8 | 21700574/02.03.2018 | 7917 | Eram Motors , Vadakara | കൊട്ടേഷൻ ഇല്ല, വർക് ഷോപ് അല്ല |
| 9 | 21700576/02.03.2018 | 10383 | Eram Motors , Vadakara | കൊട്ടേഷൻ ഇല്ല, വർക് ഷോപ് അല്ല. |

## 3-2 പ്രൊക്യൂർമെന്റ് കമ്മിറ്റി- ചുമതലാ നിർവ്വഹണത്തിലെ വീഴ്ചകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഘടക സ്ഥാപനങ്ങളിലേക്കുമുള്ള സാധന സേവനങ്ങളുടെ സമാഹരണത്തിന് ഏകീകൃത സ്വഭാവവും സുതാര്യതയും ജനപങ്കാളിത്തവും ഉറപ്പാക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച 08.11.2010തീയതിയിലെ ജി.ഒ.(പി) 259/2010 /ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വലിലെ സമാഹരണ സൈക്കിൾ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്.03.04.2017 തിയ്യതിയിൽ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) 80/2017. ത.സ്വ.ഭ.വ നമ്പറായുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.7 പ്രകാരം പ്രത്യേകം പരാമർശിച്ചിട്ടില്ലാത്ത സംഗതികളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ 2017-18 വർഷത്തിലെ വാങ്ങലുകൾക്ക് ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ തിയ്യതി.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമാണ്.

ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷൻ,സെക്രട്ടറി ,മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് യോഗം ചേരുന്നുണ്ടെങ്കിലും ഉത്തരവാദിത്വം നിർവ്വഹിക്കുന്നില്ല.പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനുറ്റ്സ് ബുക്കിൽ താളുകൾ രേഖപ്പെടുത്താതെ ഒഴിച്ചിടുന്നതായി കാണുന്നു. മിനുട്സുകൾ ഭാഗികമാണ്. വാങ്ങലുകൾ നടത്തുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുകയോ , പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരമില്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ വാങ്ങലുകൾ അംഗീകരിച്ച് നൽകുകയോ ചെയ്യുക മാത്രമാണ് നിലവിൽ കമ്മിറ്റി ചെയ്യുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം 2017-18 സാമ്പത്തികവർഷം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും

സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തേണ്ടതും ഉചിതമായ മാർഗ്ഗത്തിലൂടെ വാങ്ങൽ നടപടികൾ ആരംഭിക്കേണ്ടതുമാണ്. ഇത്തരത്തിൽ ഒരു പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയതായി കാണുന്നില്ല. കമ്പ്യൂട്ടർ അടക്കമുള്ള ഓഫീസ് ഉപകരണങ്ങൾ, ഫർണ്ണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻ നിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങേണ്ടതാണ്. ലഭ്യമാവുന്ന ടെണ്ടർ/ക്വൊട്ടേഷൻ നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിലാണ് വാങ്ങലുകൾ നടത്തേണ്ടത്. പ്രസിഡന്റ് ചെയർപേഴ്സണായി വാങ്ങൽകമ്മറ്റി രൂപീകരിക്കേണ്ടതും ഫലപ്രദമായ പ്രവർത്തനത്തിനായി കമ്മിറ്റി സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുമ്പ് തന്നെ യോഗം ചേരേണ്ടതുമാണ്. സെക്രട്ടറി അഥവാ നിർവ്വഹണോദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതാണ്. വാങ്ങൽ കമ്മിറ്റിയുടെ മേൽ നോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലുമാണ് വാങ്ങൽ ടീം പ്രവർത്തിക്കേണ്ടത്. വാങ്ങലുകൾ നിയമാനുസൃത ഓഡിറ്റിനു പുറമെ സോഷ്യൽ ഓഡിറ്റിനും മോണിട്ടറിംഗിനും വിധേയമാക്കേണ്ടതാണ്.എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള ഇത്തരം നടപടിക്രമങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല.

2017-18 വർഷത്തിൽ സ്ഥാപനത്തിന്റെയും വിവിധ ഘടക സ്ഥാപനങ്ങളുടെയും ആവശ്യത്തിലേക്കായി 6 ഡെസ്ക്ടോപ് കമ്പ്യൂട്ടറുകളും 2 ലാപ്ടോപുകളും വാങ്ങിയിട്ടുണ്ട്.ഓരോ നിർവ്വഹണ ഉദ്യോഗസ്ഥയും സ്വന്തം നിലയ്ക്ക് വ്യത്യസ്ത രീതികൾ അവലംബിച്ച് വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും വാങ്ങലുകൾ നടത്തിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ പട്ടിക ഒന്നിൽ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥ/ സ്ഥാപനത്തിന്റെ പേര് | സ്പെസിഫിക്കേഷൻ | വാങ്ങിയ രീതി / സ്ഥാപനം | ചെലവ് തുക (നികുതി സഹിതം) |
|---|---|---|---|---|
| 1 | സെക്രട്ടറി<br>വടകര ബ്ലോക്ക് പഞ്ചായത്ത് | 2ഡെസ്ക്ടോപ് കമ്പ്യൂട്ടർ<br>RAM 4 GB<br>Processor-i3<br>Hard Disc 1 TB<br>Monitor -18.5”<br>. | നേരിട്ട്/ അക്കോർഡ് സിസ്റ്റംസ്, എടോടി, വടകര. | 71000 |

| | | | | |
|---|---|---|---|---|
| 2 | സെക്രട്ടറി<br>വടകര ബ്ലോക്ക് പഞ്ചായത്ത് | ലാപ്ടോപ് കമ്പ്യൂട്ടർ<br>RAM 4 GB<br>Processor-i3<br>Hard Disc 1 TB<br>Monitor -15.6” | നേരിട്ട്/<br>അക്കോർഡ് സിസ്റ്റംസ്, എടോടി, വടകര. | 33000 |
| 3 | സെക്രട്ടറി<br>വടകര ബ്ലോക്ക് പഞ്ചായത്ത് | ലാപ്ടോപ് കമ്പ്യൂട്ടർ<br>RAM 4 GB<br>Processor-i3<br>Hard Disc 1 TB<br>Monitor -15.6” | ടെണ്ടർ/<br>അക്കോർഡ് സിസ്റ്റംസ്, എടോടി, വടകര. | 27800 |
| 4 | സെക്രട്ടറി<br>വടകര ബ്ലോക്ക് പഞ്ചായത്ത് | 2ഡെസ്ക്ടോപ് കമ്പ്യൂട്ടർ<br>RAM 4 GB<br>Processor-i3<br>Hard Disc 1 TB<br>Monitor -18.5”<br>. | ടെണ്ടർ/<br>അക്കോർഡ് സിസ്റ്റംസ്, എടോടി, വടകര. | 69800 |

പട്ടിക പ്രകാരമുള്ള വാങ്ങലുകൾ പരിശോധിച്ചതിൽ നിന്നും പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

1. വർഷാരംഭത്തിൽ ആവശ്യകതാ നിർണ്ണയം നടത്തി നാല് കമ്പ്യൂട്ടറുകളും ഒന്നിച്ച് വാങ്ങുന്നതിന്

പകരം വാങ്ങൽ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരിൽ ചുമതലപ്പെടുത്തുകയാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി ചെയ്തിരിക്കുന്നത്.സ്പെസിഫിക്കേഷൻ നിർണ്ണയിക്കുക, അനിവാര്യതാ പരിശോധന നടത്തുക ,താരതമ്യ റിപ്പോർട്ടുകൾ തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലാപരമായ പങ്ക് വഹിച്ചിട്ടില്ല.നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത രീതികളിലൂടെ വാങ്ങൽ നടത്തിയതിനാൽ വാങ്ങലുകൾ ഗ്രാമപഞ്ചായത്തിന് ലാഭകരമാക്കാൻ കഴിഞ്ഞില്ല.

2. ക്രമനമ്പർ 1,2 എന്നിവ പ്രകാരം കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും സ്വകാര്യ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖക്ക് വിരുദ്ധമാണ്.

2. ഡാറ്റാ എൻട്രി ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് വേണ്ടി വാങ്ങിയ ക്രമ നം.5 പ്രകാരമുള്ള 2 കമ്പ്യൂട്ടറുകളും വിൻഡോസ് അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ വിന്യസിക്കേണ്ടതില്ലാത്തവയാണെന്ന് കാണാം. എന്നാൽ ക്രമ നംപർ 5 പ്രകാരം പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങിയ കമ്പ്യൂട്ടറിനൊപ്പം വിൻഡോസ് 10 ഓപ്പറേറ്റിംഗ് സിസ്റ്റവും വാങ്ങിയതായി കാണുന്നു.ലിനക്സ് പോലുള്ള സൌജന്യ ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ സാധ്യത ഉപയോഗപ്പെടുത്താതെയാണ് മെഡിക്കൽ ഓഫീസർ 16000 രൂപ വിൻഡോസ് 10 ഓപ്പറേറ്റിംഗ് സിസ്റ്റത്തിനായി ചെലവഴിച്ചുവെന്ന് വ്യക്തമാകുന്നു. ഉപയോഗ ക്രമം പരിഗണിക്കാതെ വാങ്ങൽ നടപടികൾ സ്വീകരിച്ചതിലൂടെ പഞ്ചായത്തിന് 16000 രൂപയുടെ അനാവശ്യ ചെലവ് വന്നിട്ടുണ്ട്.ആയതിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും ഉത്തരവാദികളാണ്.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി, വാങ്ങൽ കമ്മിറ്റി, വാങ്ങൽ ടീം എന്നിവ പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്.

## 3-3 <u>വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി-പദ്ധതി പുരോഗതി അവലോകനം കാര്യക്ഷമമല്ല</u>

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പ്രധാന ചുമതലകൾ വഹിക്കുന്ന സ്റ്റാന്റിംഗ് കമ്മറ്റിയാണ് വികസന സ്റ്റാന്റിംഗ് കമ്മറ്റി. പദ്ധതി ആസൂത്രണവും നിർവഹണവുമുൾപ്പെടെ യുള്ള പൊതുവായചുമതലകൾ ക്ക് പുറമെ ജി.ഒ.എം എസ് 72/17 ത.സ്വ.ഭ.വ തി29.3.17പ്രകാരം പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടസ്റ്റാന്റിംഗ് കമ്മറ്റികളുടെ മറ്റ് ചുമതലകളും പ്രതിപാദിച്ചിട്ടുണ്ട്. ആയതിൽ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിന് മുമ്പ് മേഖലാ വിഭജനങ്ങളുടെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്ന വിഭവ സ്രോതസ്സുകൾ,പദ്ധതി അടങ്കൽ ,വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ് കമ്മറ്റിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം.വികസന സ്റ്റാന്റിംഗ് കമ്മറ്റി മിനട്സ് പരിശോധിച്ചതിൽ ഇത്തരമൊരു ശുപാർശ സമർപ്പിച്ചതായി കാണുന്നില്ല. കൂടാതെ ഓരോസ്റ്റാന്റിംഗ് കമ്മറ്റിയും വർക്കിംഗ് ഗ്രൂപ്പുകളെ കൊണ്ട് വിശദമായ പ്രൊജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതും ഓരോ പ്രൊജക്റ്റിന്റെയും നിയമ സാധുത, വിജയസാധ്യത, പ്രായോഗികത പരിശോധിച്ച് പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ പ്രൊജക്റ്റും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിഅംഗീകരിക്കണം.വികസനകാര്യ

സ്റ്റാന്റിംഗ് കമ്മറ്റിക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ ശുപാർശ ചെയ്തപ്രോജക്ടുകൾ കമ്മറ്റി അംഗീകരിച്ചതായി മിനുട്സിൽ രേഖപ്പെടുത്തി കാണുന്നില്ല.അംഗീകരിച്ചതിന്റെ മറ്റ് രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസം യോഗം ചേരുന്നുണ്ടെങ്കിലും യോഗവിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി മിനുട്സ് ക്ലോസ് ചെയ്യുന്നില്ല. സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രധാന ചുമതലയായ പദ്ധതി പുരോഗതി അവലോകനം ചില യോഗങ്ങളിൽ അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവലോകനം ചെയ്യാതെ നിർവഹണ ഉദ്യോഗസ്ഥരെ ചുമതലകൾ ഏൽപിച്ച് യോഗം അവസാനിപ്പിക്കുകയാണ് ചെയ്തുവരുന്നത്.

## 3-4 മെയിന്റെനൻസ് ഗ്രാന്റ് വിനിയോഗത്തിൽ സർക്കാർ മാർഗനിർദേശങ്ങൾ പാലിക്കപ്പെട്ടുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ മെയിന്റെനൻസ്ഗ്രാന്റ്(നോൺ റോഡ്) വിനിയോഗം പരിശോധിച്ചതിൽ ജി.ഒ.എം.എസ്.330/2014 ത.സ്വ.ഭ.വ 9/12/2004 വിനിയോഗ മാർഗരേഖ, ജി.ഒ.എം.എസ്.300/210ത.സ്വ.ഭ.വ 10/12/2010 പുതുക്കിയമാർഗ നിർദേശങ്ങൾ, 13ാം പഞ്ചവത്സരപദ്ധതി(ആദ്യവർഷം2017-18) പദ്ധതിമാർഗരേഖ എന്നിവ പ്രകാരം നോൺറോഡ് മെയിന്റെനൻസ് ഫണ്ട് ഘടക സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തിനും അവരുടെ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ഉപയോഗിക്കേണ്ടതാണ്. ഘടകസ്ഥാപനങ്ങളുടെ ആസ്തിസംരക്ഷണം ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ലഭിക്കുന്നഫണ്ടിന്റെ ഭൂരിഭാഗവും ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് വിനിയോഗിച്ചിരുക്കുന്നത്. സാമ്പത്തികവർഷം മെയിന്റെനൻസ്ഗ്രാന്റ് ഉപയോഗിച്ച് അസി. എക്സിക്യൂട്ടീവ്എൻജിനിയർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ നിർവഹണം നടത്തിയ പ്രോജക്ടുകളുടെ വിശദവിവരം താഴെകൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക. |
|---|---|---|---|
| 36/18 | ബ്ലോക്ക് പഞ്ചായത്ത് മീറ്റിംഗ് ഹാളിൽ ഇന്റീരിയൽ വർക്ക്.(SO) | 265868 | 256154 |
| 38/18 | ബ്ലോക്ക് പഞ്ചായത്ത് ചുറ്റുമതിൽ നവീകരണം.(SO) | 144274 | 141032 |
| 39/18 | ബ്ലോക്ക് പഞ്ചായത്ത് പുതിയകെട്ടിടം ഗ്രൌണ്ട്ഫ്ലോർ മോഡിഫിക്കേഷൻ(SO) | 396000 | 289598 |
| 40/18 | റിക്കാർഡ് റൂം തയ്യാറാക്കൽ(So) | 56720 | 56720 |
| 41/18 | ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് | 180000 | 139329 |

| | | | |
|---|---|---|---|
| | ഹാൾഇന്റീരിയൽ വർക്ക് ഇലട്രിഫിക്കേഷൻ.(SO) | | |
| 42/18 | ബ്ലോക്ക് പഞ്ചായത്ത് പുതിയകെട്ടിടം ഇലക്ട്രിഫിക്കേഷൻ | 141832 | ---------- |
| 71/18 | ബ്ലോക്ക് പഞ്ചായത്ത് പുതിയകെട്ടിടം 1ാം നില പാർട്ടീഷൻ | 354842 | 333860 |
| | ആകെ | 1639536 | 1216693 |

സാമ്പത്തിക വർഷം മെയിന്റെനൻസ്ഗ്രാന്റ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആകെ ചെലവ് 2400625രൂപയാണ് ആയത് 1216693 രൂപയും ചെലവഴിച്ചിരിക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ഭൗതികസാഹചര്യങ്ങൾ വർധിപ്പിക്കുന്നതിന് വേണ്ടിയാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ പ്രധാനഘടക സ്ഥപനമായ C.H.Cഓർക്കാട്ടേരിയിൽ അറ്റകുറ്റകുറ്റപണികളുടെയും ഭൗതികസാഹചര്യങ്ങളുടെയും അപര്യാപ്തത ശ്രദ്ധേയമാണ്. ഓർക്കാട്ടേരി സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ നിലവിലുള്ള കാത്തിരിപ്പ് കേന്ദ്രം അപകട ഭീക്ഷണി നേരിട്ട് കൊണ്ടിരിക്കുകയാണെന്ന് 28/2/2018ൽ നടന്ന ഭരണ സമിതി യോഗത്തിൽ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയത് N.H.M ഫണ്ട്ഉപയോഗിച്ച് റിപ്പയർചെയ്യുവാനാണ് ഭണസമിതി തീരുമാനിച്ചിരിക്കുന്നത് C.H.C ഓർക്കാട്ടേരിക്ക് പുറമേ വനിതാതൊഴിൽ പരിശീലന കേന്ദ്രം , സീഡ്സ്റ്റോർ എന്നിവയും ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുണ്ട്. ഇവക്കൊന്നുംതന്നെ സാമ്പത്തികവർഷം അറ്റകുറ്റപണികൾക്കോ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോ തുകവകയിരുത്തി ചെലവഴിച്ചതായി കാണുന്നില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് ശുപാർശയുടെ അടിസ്ഥാനത്തിലാണോ ഈപ്രോജക്ടുകളെല്ലാം തയ്യാറാക്കി അംഗീകാരം നേടിയത് എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയിൽ ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ സംബന്ധിച്ച ചർച്ച നടന്നതായോ തീരുമാനം കൈക്കൊണ്ടതായോ കാണുന്നില്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അംഗീകൃത പദ്ധതികൾ കൊണ്ട് മാത്രം C.H.C. യിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാത്തതുകൊണ്ടാണ് സാമ്പത്തിക വർഷം പ്രൊജക്ടുകൾ നടപ്പിലാക്കാതിരുന്നതെന്ന മറുപടി അംഗീകാരിക്കാവുന്നതല്ല. സർക്കാർ മാർഗനിർദേശങ്ങൾ അനുസരിച്ച് മെയിന്റെനൻസ് ഗ്രാന്റ് വിനിയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 നെല്ല് ഉൽപാദന കൂലിച്ചെലവ് സബ്സിഡി- മേഖലാ ചുമതലകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയും വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവവും

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തികവർഷം കാർഷിക മേഖലയിൽ നടപ്പിലാക്കിയ ഏകപ്രോജക്ടാണ് നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി.(പ്രൊജക്ട് നമ്പർ 9/17-18.) 221000രൂപവകയിരുത്തി(വികസനഫണ്ട് 110500രൂപ മറ്റുള്ളവ110500) തയ്യാറാക്കിയ

മേൽപ്രോജക്ട്പ്രകാരം ഏറാമല ഗ്രമപഞ്ചായത്തിന് 85000രൂപയും ചോറോട് ഗ്രാമപഞ്ചായത്തിന് 18020 രൂപയും ഉൾപ്പടെ 103020രൂപ ബിൽ നമ്പർ 1/17-18 തി.28-3-2018 പ്രകാരംപിൻവലിച്ച നെൽകൃഷി ചെയ്തകർഷകർക്ക് കൂലിച്ചെലവ് നൽകുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. തുകകൈമാറിയതല്ലാതെ പഞ്ചായത്തുകൾ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രംഎന്നിവ ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

കൈപ്പറ്റ് രശീതി,വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ നടപടികൾകൈക്കൊണ്ടതായി കാണുന്നില്ല.

മേൽപ്രോജക്ട് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള ഒരു പ്രൊജക്ട് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലോ ബ്ലോക്ക്പഞ്ചായത്തിന്റെ29.4.18ന് നടന്ന ഗ്രാമസഭാനിർദേശങ്ങളിലോ ഉയർന്ന് വന്നതായികാണുന്നില്ല.വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ (കൃഷി, മത്സ്യ ബന്ധനം,തൊഴിലുറപ്പ് പദ്ധതി,മണ്ണ്ജലസംരക്ഷണം) കാർഷികമേഖലയിൽ ഉൽപാദനവിപണന കേന്ദ്രം ,കാർഷികഗ്രൂപ്പുകളുടെ നേതൃത്വത്തിൽ തരിശായിക്കിടക്കുന്ന സ്ഥലങ്ങൾ ഏറ്റെടുത്ത് കൃഷിചെയ്യൽ തുടങ്ങി പ്രോജക്ടുകൾ ശുപാർശ ചെയ്യപ്പെട്ടിരുന്നെങ്കിലും അവയൊന്നും നടപ്പിലാക്കിയതായി കാണുന്നില്ല. കൂടാതെ 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് 172(1) ഉപവകുപ്പ് 4ാം പട്ടികപ്രകാരംപ്രതിപാദിച്ചിട്ടുള്ളബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ളചുമതലകൾ നിറവേറ്റാൻ പര്യാപ്തമായ പ്രോജക്ടല്ല സാമ്പത്തികവർഷം നടപ്പിലാക്കിയിട്ടുള്ളത്.കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന പ്രൊജക്ടുകൾ ആയതിന്റെ യുക്തി, ക്ഷമത, പ്രായോഗികത എന്നിവ വർക്കിംഗ് ഗ്രൂപ്പ് ചർച്ചചെയ്ത് ഉറപ്പുവരുത്തി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.വിനിയോഗ സർട്ടിഫിക്കന്റെ അഭാവത്തിൽ ചെലവുതുക 103020 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-6 <u>തീരവസന്തം- മത്സ്യത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിൽ പരിശീലനം നൽകൽ.-പ്രോജക്ടുകൾ മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പിലാക്കി.</u>

സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത്മത്സ്യബന്ധന മേഖലയിൽ രണ്ട് പരിശീലന പ്രോജക്ടുകളാണ് നടപ്പിലാക്കിയിരിക്കുന്നത്. ആയതിന്റെ വിശദവിവരംതാഴെ കൊടുക്കുന്നു .

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര്. | വകയിരുത്തിയതുക | ചെലവഴിച്ചതുക. | ബിൽ നമ്പർ തിയ്യതി. |
|---|---|---|---|---|
| 52/18 | തീരവസന്തം മത്സ്യസംസ്കരണ ലാബ് നിർമാണവും വനിതകൾക്ക്മൂല്യ വർദ്ധിത | 500000 | 330406 | 256215 ബിൽ നമ്പർ |

| | | | | |
|---|---|---|---|---|
| | ഉൽപ്പന്നിർമാണ പരിശീലനവും | | | 54/17-18 തി.24/3/18<br>74191<br>ബിൽ നമ്പർ 23/18 |
| 53/14 | തീരവസന്തം- ജി.വി. എച്ച്.എസ് .മടപ്പള്ളിയിലെ വിദ്യാർത്ഥികൾക്ക് മൂല്യ വർദ്ധിത ഉൽപ്പന്നിർമാണ പരിശീലനം. | 100000 | 49238 | 30/17-18<br>തി.25/1/18 |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ളഗ്രാമപഞ്ചായത്തുകളിലെ 120 വനിതകൾക്ക് മത്സ്യത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമിക്കുന്നതിന് പരിശീലനം നൽകാൻ ആദ്യപ്രോജക്ടും , മടപ്പള്ളി.ജി.വി. എച്ച്.എസ് വിദ്യാർത്ഥികൾക്ക് ഇതേ ആവശ്യത്തിന് പരിശീലനം നൽകുന്നതിന് രണ്ടാമത്തെപ്രോജക്ടും വിഭാവനം ചെയ്തു. ആദ്യപ്രോജക്ടു പ്രകാരം മൂന്ന്ബാച്ചുകളിലായി 133പേർക്ക് പരിശീലനം നൽകുകയും ആയതിന് 256215 രൂപ ചെലവഴിക്കുകയും ചെയ്തു .കൂടാതെ 74191 രൂപ വിനിയോഗിച്ച് ലാബിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. രണ്ടാമത്തെപ്രോജക്ടു പ്രകാരം മടപ്പള്ളി.ജി.വി. എച്ച്.എസിലെ 58 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി 49328 രൂപയും ചെലവഴിക്കപ്പെട്ടു. സ.ഉ. എം.എസ്. നമ്പർ 80/2017 ത.സ്വ.ഭ.വ തി3/4/2017 ഖണ്ഡിക 13ൽ പരിശീലന പരിപാടികൾ നടപ്പിലാക്കുമ്പോൾ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ ഒന്നും തന്നെ പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കപ്പെട്ടതായി കാണുന്നില്ല. സർക്കാർമാർഗനിർദേശത്തിന് വിരുദ്ധമായ പ്രോജക്ട് നടപ്പിലാക്കുന്നതിനുമുമ്പ് സർക്കാരിൽനിന്ന് പ്രത്യക അനുമതി ലഭ്യമാക്കിയതായും കാണുന്നില്ല.

പരിശീലന പരിപാടി ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നും, പരിശീലനത്തിന് മാത്രമായി പ്രോജക്ട് നടപ്പിലാക്കരുതെന്നുമുള്ള മാർഗരേഖാനിർദേശം പാലിക്കപ്പെട്ടതായി കാണുന്നില്ല. പരിശീലനത്തിന് ഗുണഭോക്തൃവിഹിതമായി വിഹിതമായി പരിശീലനച്ചെലവിന്റെ 10% പരിശീലനാർത്ഥികളിൽനിന്നും ഈടാക്കണമെന്നുള്ള നിബന്ധനയും പാലിക്കപ്പെട്ടിട്ടില്ല. ഇത്തരമൊരുപ്രോജക്ട് കൃഷി, ജലസേചന മത്സ്യബന്ധന വർക്കിംഗ് ഗ്രൂപ്പ് നിർദേശങ്ങളിൽനിന്നും ഉയർന്നു വന്നതായി കാണുന്നില്ല. 23/3/2018 ലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം 1/1 ആയി മേൽപ്രോജക്ടുകൾ അംഗീകരിക്കുന്നതിന് ഭരണ സമിതിയോട് ശുപാർശ ചെയ്യുകയും ഭരണ സമിതിയുടെ 125/18 നമ്പർതീരുമാന പ്രകാരം ശുപാർശ അംഗീകരിക്കുകയും ചെയ്തു . പ്രോജക്ടുകൾ സർക്കാർമാർഗനിർദേശത്തിന് വിരുദ്ധമാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ടവരെ അറിയിച്ചതായും കാണുന്നില്ല. കൃഷി ജലസേചന മത്സ്യബന്ധന വർക്കിംഗ് ഗ്രൂപ്പ് ചർച്ചചെയ്ത് അംഗീകരിക്കാതെ സർക്കാർ മാർഗ നിർദ്ദേശത്തിന് വിരുദ്ധമായ പ്രൊജക്ട് വികസന സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശ ചെയ്യാനുണ്ടായ കാരണം വിശദീകരിക്കേണ്ടതും പ്രോജക്ടുകൾക്ക് സർക്കാർ മുൻകൂർ അനുമതിലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-7 പട്ടികജാതി വികസന മേഖലയിൽ ആസൂത്രണം ചെയ്തപ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടില്ല.

2017-18 സാമ്പത്തികവർഷത്തിൽ പട്ടികജാതി വികസനമേഖലയിൽ നാല് പ്രോജക്ടുകളാണ് അന്തിമമായി നടപ്പാക്കാനുണ്ടായിരുന്നത്. ആയതിന്റെ വിശദവിവരം താഴെകൊടുക്കുന്നു.

| പ്രോജക്ട്നമ്പർ /പേര് | വകയിരുത്തിയതുക. | ചെലവഴിച്ചതുക. |
|---|---|---|
| 8/18 P.M.A.Y ഗ്രാമീണം 2017-18 പട്ടികജാതി. | 320000 | ---- |
| 73/18 പട്ടികജാതി വനിതാസ്വയം തൊഴിൽ സംരഭകർക്ക് ഇരുചക്രം വാഹനം വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തിന് തുകനൽകൽ . | 270000 | ----- |
| 91/18 പട്ടികജാതിയിൽ പെട്ടവർക്ക് വിദേശത്ത് പോകാൻ ധനസഹായം | 400000 | ------- |
| 67/18 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 998000 | 890000 |
| ആകെ | 1988000 | 890000 |

നടപ്പിലാക്കാനുണ്ടായിരുന്ന4 പ്രോജക്ടുകളിൽ 3എണ്ണത്തിനും തുകയൊന്നും ചെലവഴിച്ചതായി കാണുന്നില്ല.പട്ടികജാതി പട്ടികവർഗ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ മേൽപ്രോജക്ടുകളിൽ ക്രമനമ്പർ ഒന്ന് ഒഴികെ മറ്റുള്ള പ്രോജക്ടുകളൊന്നുംവർക്കിംഗ്രൂപ്പ് നിർദ്ദേശപ്രകാരം ശുപാർശചെയ്യപ്പെട്ടവയല്ല.

ബ്ലോക്ക്പഞ്ചായത്തിന്റെ 29.4.17ൽ കൂടിയ ഗ്രാമസഭ യോഗത്തിൽആയത് സംബന്ധിച്ചശുപാർശ ഉയർന്നുവന്നതായും കാണുന്നില്ല. 27.5.18 ൽ കൂടിയ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പ്രൊജക്ട് തയ്യാറാക്കിയത്.പട്ടികജാതി വികസന ഓഫീസർനടപ്പിലാക്കേണ്ട മേൽ പ്രൊജക്ടുകൾ തോടന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ വടകരബ്ലോക്കിൽ അധിക ചുമതലയാണെന്ന് പറഞ്ഞ് പ്രോജക്ട നടപ്പിലാക്കാൻ വിസമ്മതിച്ചതിനാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുഖേനയാണ് നടപ്പാക്കിയിരിക്കുന്നത്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിവിധമീറ്റിംഗുകളിൽ പട്ടികജാതി പട്ടികവർഗ മേഖലയിലുള്ളപ്രോജക്ടിൽ ആവശ്യമായ ഭേദഗതികൽ ഭരണ സമിതിക്ക് ശുപാർശചെയ്ത് 31/10/2017ലെ ഭരണ സമിതി തീരുമാനപ്രകാരം ഈ നാലു പ്രോജക്ടുകൾക്ക് അന്തിമമായി അംഗീകാരം വാങ്ങി.14/3/2018 ൽ ചേർന്നക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2017-18 വർഷത്തെ പദ്ധതി അവലോകനം അജണ്ടയായി ഉൽപെടുത്തിയിരുന്നെങ്കിലും പട്ടിക ജാതിഫണ്ട് ചെലവഴിക്കാത്തത് വിഷയം ചർച്ച ചെയ്തിട്ടില്ല. ബ്ലോക്ക് ഭരണസമിതി മീറ്റിംങ്ങുകളിലും ഇക്കാര്യം ചർച്ചചെയ്തതായികാണുന്നില്ല. പ്രോജക്ട്നമ്പർ73/18,91/18 എന്നിവ ആവശ്യമായ ഗുണഭോക്താക്കളെ ലഭിക്കാത്തതാണ് നടപ്പിലാക്കാൻ കഴിയാതെ പോയതെന്ന് വ്യക്തമാവുന്നു. ബന്ധപ്പെട്ടമേഖലയിലെ അടിസ്ഥാന ആവശ്യങ്ങൾ പരിഗണിക്കാതെ ദീർഘ വീക്ഷണമില്ലാത്ത പ്രോജക്ടുകൾ പട്ടികജാതി മേഖലയിൽ നടപ്പിലാക്കിയത് മൂലമാണ് പ്രോജക്ടുകൾ ഭൂരിഭാഗവും തുകചെലവഴിക്കാൻകഴിയാതെ ലക്ഷ്യപ്രാപ്തികൈവരിക്കാതെ പോയത്. പട്ടികജാതി മേഖലയിൽ നടപ്പിലാക്കുന്ന പ്രൊജക്ടുകളുടെ പ്രായോഗികത, നിയമ സാധുത, വിജയ സാധ്യത എന്നിവ

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ച് ഉറപ്പുവരുത്തി നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.

## 3-8 ശിശു വികസന പദ്ധതി ഓഫീസർ നിർവ്വഹണം ചെയ്തിട്ടുള്ള പ്രോജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമല്ല

ശിശു വികസന പദ്ധതി ഓഫീസർ നിർവ്വഹണം ചെയ്തിട്ടുള്ള താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള കൈപ്പറ്റ് രസീത് ,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| പ്രോജക്ടിന്റെപേര് | ചെലവ് വിവരം | റിമാർക്സ് |
|---|---|---|
| അങ്കണവാടി കെട്ടിട നിർമ്മാണം | ബിൽ നം 01/17-18 തീയതി 23-09-17 രൂപ 550000/- | അഴിയൂർ ഗ്രാമപഞ്ചായത്ത് 550000/- |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | ബിൽ നം 02/17-18 തീയതി 11-10-17 രൂപ312500/- ബിൽ നം 03/17-18 തീയതി 21-12-17 രൂപ 312500/- | ചേറോട് -187500 ഒഞ്ചിയം -125000 അഴിയൂർ-155000 ഏറാമല-157500 |
| ബഡ്സ് സ്കൂൾ കെട്ടിടം അറ്റകുറ്റപ്പണി | ബിൽ നം 04/17-18 തീയതി 12-03-18 രൂപ 100000/- | ചേറോട് -50000 ഒഞ്ചിയം-50000 |
| അങ്കണവാടി പൂരകപോഷകാഹാരം | ബിൽ നം 05/17-18 തീയതി 12-03-18 രൂപ 400000/- | ചേറോട് -200000 ഒഞ്ചിയം -100000 ഏറാമല- 100000 |

മേൽ പ്രോജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായ രീതിയിൽ നടത്താതിരുന്നതാണ് ഇത്തരത്തിലൊരു വീഴ്ച സംഭവിക്കാനിടയായിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള കൈപ്പറ്റ് രസീത് ,വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-9 ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

ബ്ലോക്ക് പഞ്ചായത്തിന്റെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എല്ലാമാസവും യോഗം ചേരുകയും പദ്ധതി ആസൂത്രണ ഘട്ടങ്ങളിൽ പങ്കാളിത്തം വഹിക്കുകയും ചെയ്യുന്നുണ്ടെങ്കിലും നിർവ്വഹണ ഘട്ടങ്ങളിലും മോണിറ്ററിംഗിലും കാര്യമായ ഇടപെടൽ നടത്തുന്നില്ല.സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഭിന്നശേഷിയുള്ളവർക്ക് കഴിവനുസരിച്ച അനുയോജ്യമായ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച നടപ്പിലാക്കുന്ന പദ്ധികൾ ഉണ്ടാവണം എന്ന് നിർദ്ദേശമുണ്ടെങ്കിലും തൻവർഷം അത്തരം പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല. അതുപോലെ ബ്ലോക്ക് പരിധിയിലെ അംഗീകൃത പട്ടിക വിഭാഗം കോളനിയായ ചാരങ്കയിൽ കോളനിയിൽ കുടിവെള്ളക്ഷാമം പ്രധാന പ്രശ്നമാണെങ്കിലും ഇത് പരിഹരിക്കുന്നതിന് നടപടിയെടുത്തിട്ടില്ല. കൂടാതെ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി , പ്ലാസ്റ്റിക്ക് നിർമാർജനവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക്ക് ക്യാരിബാഗിന് പകരം തുണി സഞ്ചി നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പരിശീലനം കൊടുക്കുന്നതിനും സംരംഭങ്ങൾ ഒരുക്കുന്നതിനും വർക്കിംഗ് ഗ്രൂപ്പിൽ നിന്നും നിർദ്ദേശമുണ്ടായെങ്കിലും അത്തരം പ്രോജക്ടുകൾ തൻവർഷം ഏറ്റെടുത്തിട്ടില്ല. ബ്ലോക്ക് തലത്തിൽ സ്ത്രീകൾക്കായി വിപണന കേന്ദ്രം തുടങ്ങണമെന്ന് വനിത ശിശു വികസന വർക്കിംഗ് ഗ്രൂപ്പിൽ നിന്നും നിർദ്ദേശം വന്നിരുന്നെങ്കിലും ആയതും നടപ്പിലാക്കിയിട്ടില്ല. 27-05-17 ൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്ത പദ്ധതികൾ തൻവർഷം ഏറ്റെടുത്തിട്ടുണ്ടെങ്കിലും പലതും പ്രാവർത്തികമാക്കിയില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം | പേര് | വകയിരുത്തിയ തുക |
|---|---|---|
| 5/18 | SGSYവിപണന മേള | 75000 |
| 8/18 | PMAY(SC) | 320000 |
| 69/18 | വയോജനങ്ങൾക്ക് ഉപകരണം | 307267 |
| 73/18 | scവനിത സ്വയം തൊഴിൽ സംരംഭകർക്ക് ഇരുചക്ര വാഹനം വാങ്ങുന്നതിന് ധനസഹായം | 270000 |
| 91/18 | Scവിഭാഗത്തിൽപ്പെട്ടവർക്ക് വിദേശത്ത് പോകാൻ ധന സഹായം | 400000 |

PMAY ഗ്രാമീൺ ജനറൽ പ്രോജക്ടിന് 46 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും 7.36 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 14-03-18ൽ ചേർന്ന ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യുടെ അജണ്ടയിൽ 17-18 ലെ പദ്ധതി അവലോകനം ഉൾപ്പെടുത്തിയിരുന്നെങ്കിലും ആയതിൻമേൽ ചർച്ചയോ തീരുമാനങ്ങളോ എടുത്തതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ല.നിർവ്വഹണ ഘട്ടങ്ങളിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇടപെടാത്തിന് ഇത്

ഉദാഹരണമാണ്.

Scവിഭാഗത്തിൽപ്പെട്ടവർക്ക് വിദേശത്ത് പോകാൻ ധന സഹായം നൽകൽ , Scവിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്നീ പ്രോജക്ടുകൾക്ക് ഗുണഭോക്താക്കളെ ലഭ്യമാകാൻ സാധ്യതയില്ലാത്തതിനാൽ പ്രോജക്ടുകൾ ഭേദഗതി ചെയ്തു. മേൽ പ്രോജക്ടുകൾ വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിച്ചവയാണെങ്കിലും ഗുണഭോക്താക്കൾ ഇല്ലാതെ വരുന്നത് ആവശ്യകത പരിഗണിക്കാതെ പ്രോജക്ടുകൾ ആസൂത്രണം ചെയ്തതിന് ഉദാഹരണമാണ്.

മേൽപ്പറഞ്ഞതിൽ നിന്നും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പദ്ധതി ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിലും മോണിറ്ററിംഗിലും കാര്യമായ ഇടപെടൽ നടത്തേണ്ടതിന്റെ ആവശ്യകതയാണ് ചൂണ്ടികാട്ടുന്നത്.

## 3-10 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മുച്ചക്ര വാഹനം വിതരണം -വാങ്ങിയതിൽ ഒരെണ്ണം വിതരണം ചെയ്തിട്ടില്ല.

പ്രോജക്ട് നം - S0022/18 ,

അടങ്കൽ - 375000/-

ചെലവ് - 7/17-18 1തീയതി 12-03-18 രൂപ 334950/-

നിർവ്വഹണം - ശിശു വികസന പദ്ധതി ഓഫീസർ

എ )ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മുച്ചക്ര വാഹനം വിതരണം ചെയ്യുന്നതിന് ടെണ്ടർക്ഷണിച്ചതനുസരിച്ച് ഒരെണ്ണത്തിന് 66500രൂപ എന്ന വോൾക്കർ മോട്ടോഴ്സിൽ നിന്നും ടി പ്രോജക്ടിനായി 5 മുച്ചക്ര വാഹനം (scooter with side wheel) വാങ്ങിയിട്ടുണ്ട്. ഇവയുടെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 4എണ്ണം മാത്രമാണ് ഓഡിറ്റ് തീയതി വരെ (7/2018) വിതരണം ചെയ്തിട്ടുള്ളത്. വിതരണ രജിസ്റ്ററിൽ അഞ്ചാമതായി അബ്ദുൾ കരിം എന്നയാളുടെ പേര് എഴുതിയിട്ടുണ്ടെങ്കിലും നാളിതുവരെ ടിയാൻ കൈപ്പറ്റിയിട്ടില്ല. ടി പ്രോജക്ടിന്റെ മോണിറ്ററിംഗ് ഫലപ്രദമായ രീതിയിൽ നടത്താതിരുന്നതാണ് ഇത്തരത്തിലൊരു വീഴ്ച സംഭവിക്കാനിടയായിട്ടുള്ളത്. വിതരണം ചെയ്യാത്ത മുച്ചക്ര വാഹനത്തിന്റെ വിലയായ 66500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഭിന്നശേഷിയുള്ളവർക്ക് ഉപകരണം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതും ഈ പ്രോജക്ടിലേക്ക് ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതുമാണെന്നാണ് പദ്ധതി മാർഗ്ഗ നിർദ്ദേശം. ആയത് പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 ആരോഗ്യ മേഖലയിലെ പദ്ധതികൾ അടിസ്ഥാന സൗകര്യ വികസനത്തിലൊതുങ്ങി.

വടകര ബ്ലോക്ക് പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ 2017-18 വർഷത്തിൽ 4 പദ്ധതികളാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്.മേൽ പദ്ധതികളെല്ലാം തന്നെ റിപ്പയർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാങ്ങലുകൾ എന്നിവയുമായി

ബന്ധപ്പെട്ടതാണ്. 10.03.2017 തിയ്യതിയിലെ ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിന്റെ മിനുട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിന് അജണ്ട ഉൾപ്പെടുത്തിയതായി കാണുന്നു. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തിയ്യതിക്ക് മുന്നോടിയായി ആരോഗ്യ മേഖല വിഷയാധിഷ്ഠിതമായി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടില്ലെന്ന് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിരിക്കുന്നു.25.04.2017 തിയ്യതിയിൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ടെങ്കിലും മിനുട്സ് എഴുതി പൂർത്തീകരിച്ചിട്ടില്ല.14.07.2017 തിയ്യതിയിലെ ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സും പൂർണ്ണമല്ല.. 05.05.2017 തിയ്യതിയിലെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ കാൻസർ രോഗ നിർണ്ണയ ക്യാമ്പ്, ഇൻസിനേറ്റർ വാങ്ങൽ എന്നീ പദ്ധതി നിർദ്ദേശങ്ങളുണ്ടായെങ്കിലും പ്രസ്തുത പദ്ധതികൾ ഉപേക്ഷിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രധാന ചുമതലാമേഖലയിൽ നിന്നും വിഭിന്നമായി ഉത്പാദന മേഖലയിലുള്ള പ്രൊജക്ടുകൾ, ഡെപ്പോസിറ്റ് വർക്കുകൾ (റീ-വയറിംഗ്) എന്നിവയാണ് ആവിഷ്കരിച്ചിരിക്കുന്നത്.ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് പെയിൻ & പാലിയേറ്റീവ് പദ്ധതി പോലുള്ളവ നടപ്പാക്കുന്നതിലും ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ 2017-18 വർഷത്തിൽ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ താഴെ പറയുന്നു.

1. ടെണ്ടർ നടപടികളില്ലാതെ കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ നേരിട്ട് വാങ്ങി.

| പദ്ധതി വിശദാംശങ്ങൾ | |
|---|---|
| പ്രൊജക്ട് നം | 61/2018 |
| പ്രൊജക്ടിന്റെ പേര് | ഓർക്കാട്ടേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് ആവശ്യമായ എൽ.സി.ഡി പ്രൊജക്ടർ ,മൈക്ക് സെറ്റ് , കസേരയും മറ്റും വാങ്ങൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ഓർക്കാട്ടേരി. |
| അടങ്കൽ | 271000 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| ചെലവ് | 48600 ( ബിൽ നം - 11/15.03.2018 )<br>81950 ( ബിൽ നം - 12/18.03.2018 ) |

പ്രൊജക്ട് പ്രകാരം 81950 രൂപ (നികുതി ഉൾപ്പെടെ ) ചെലവഴിച്ച് ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും ടെണ്ടർ / കൊട്ടേഷൻ നടപടികളില്ലാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്.ബില്ലിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.എപ്സൺ എൽ.സി.ഡി പ്രൊജക്ടർ- 31132.81 രൂപ

2.അഹൂജ പബ്ലിക് അഡ്രസ്സ് സിസ്റ്റം- 31567.8 രൂപ

3.ട്രൈപോഡ് സ്റ്റാന്റ് - 4110.17

4.നികുതി - 15139.22

കെൽട്രോണിന്റെ ബില്ല് പരിശോധിച്ചതിൽ നിന്നും ക്രമ നം 1,2 എന്നിവ മറ്റ് സ്വകാര്യ ഉത്പാദകരുടെ ബ്രാന്റഡ് ഉത്പന്നങ്ങളാണെന്നത് വ്യക്തമാണ്. ബിൽ തുകയുടെ 50 ശതമാനത്തിലധികം കെൽട്രോണിന്റെ ഉത്പന്നങ്ങളുണ്ടെങ്കിൽ മാത്രമെ കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളു. ടെണ്ടർ/കൊട്ടേഷൻ നടപടികളില്ലാതെ കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ നേരിട്ട് വാങ്ങിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.മേൽ വാങ്ങലുകൾ ഏത് തരത്തിലാവണമെന്നത് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുത്തതായി കാണുന്നില്ല.

2.സി.എച്ച്.സിയിൽ സോളാർ പാനൽ സ്ഥാപിക്കൽ - കെട്ടിടം നവീകരിക്കുന്നത് പരിഗണിച്ചില്ല.

| പദ്ധതി വിശദാംശങ്ങൾ | |
|---|---|
| പ്രൊജക്ട് നം | 59/2018 |
| പ്രൊജക്ടിന്റെ പേര് | ഓർക്കാട്ടേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ഓർക്കാട്ടേരി. |
| അടങ്കൽ | 1899500 (വി.ഫ.ജനറൽ) |
| ചെലവ് | 932400 ( ബിൽ നം -4 /26.09.2017 )<br>400000 ( ബിൽ നം - 17/27.03.2018 ) |

സി.എച്ച്.സി ഓർക്കാട്ടേരിയുടെ നിലവിലുള്ള പഴയ കെട്ടിടത്തിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ 25.08.17. തിയ്യതിയിൽ MO-567/17 നമ്പറായി നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ബ്ലോക്ക് പഞ്ചായത്തിനയച്ച കത്തിൽ സി.എച്ച്.സി ക്ക് നബാർഡിന്റെ സഹായത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യവും പുതിയ കെട്ടിടത്തിലാവും ഭാവിയിൽ സ്ഥാപനത്തിന്റെ പ്രവർത്തനമെന്നതും വ്യക്തമാക്കുന്നുണ്ട്. പദ്ധതി പ്രകാരം സോളാർ പാനൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിൽ നിന്നും പുതിയ കെട്ടിടത്തിലേക്ക് പാനൽ മാറ്റി സ്ഥാപിക്കുന്നത് പ്രായോഗികമാകില്ലെന്ന് കെൽട്രോൺ നിർവ്വഹണ ഉദ്യോഗസ്ഥനെ വാക്കാൽ അറിയിച്ചിട്ടുണ്ടെന്നും കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ സ്പഷ്ടീകരണത്തിനായി ബ്ലോക്ക് പഞ്ചായത്തിലേക്ക് അയച്ച കത്തിന് അർഹിക്കുന്ന പരിഗണന നൽകപ്പെട്ടിട്ടില്ല. കത്ത് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി , ഭരണ സമിതി യോഗങ്ങൾ പരിഗണിച്ചിട്ടില്ല. പ്രസ്തുത കത്തിന്മേൽ തീരുമാനമെടുക്കും മുൻപ് 26.09.2017 തിയ്യതിയിൽ 932400 രൂപ നിർവ്വഹണ ഏജൻസിയായ കെൽട്രോണിന് കൈമാറുകയാണുണ്ടായത്.

സൗരോർജ്ജ വൈദ്യുത പദ്ധതി ദീർഘ കാല ഉപഭോഗം ലക്ഷ്യം വെയ്ക്കുന്ന പദ്ധതിയാകയാൽ പദ്ധതി ആസൂത്രണത്തിൽ ദീർഘവീക്ഷണം പുലർത്തേണ്ടതുണ്ട്. നിലവിൽ പാനൽ സ്ഥാപിച്ചിരിക്കുന്ന പഴയ കെട്ടിടം പദ്ധതി ലക്ഷ്യമിടുന്ന കാലത്തോളം നിലനിർത്താനിടയുണ്ടോ എന്ന പ്രാഥമിക പരിശോധന പദ്ധതി ആസൂത്രണ ഘട്ടത്തിലുണ്ടായിട്ടില്ല. കൂടാതെ പദ്ധതി ആസൂത്രണം ചെയ്യുന്ന ഘട്ടത്തിൽ തന്നെ സി.എച്ച്.സി യുടെ പുതിയ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിരുന്ന സാഹചര്യത്തിൽ പദ്ധതിയുമായി മുന്നോട്ട് പോയതിന്റെ കാരണം വ്യക്തമാക്കുന്നതിനും പദ്ധതി നിർദ്ദേശം ഉയർന്ന് വന്ന വർക്കിംഗ് ഗ്രൂപ്പ്/ സ്റ്റാന്റിംഗ് കമ്മിറ്റി/ബ്ലോക്ക് ഗ്രാമസഭ /വികസന സെമിനാർ എന്നിവയുടെ യോഗ തിയ്യതി, തീരുമാനം നമ്പർ എന്നിവ ഓഡിറ്റിനെ അറിയിക്കുന്നതിന് ഓഡിറ്റ് അന്വേഷണ കുറിപ്പിലൂടെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ, സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സുകൾ എന്നിവ യഥാസമയം എഴുതി പൂർത്തീകരിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്.ആരോഗ്യ മേഖലാ തലത്തിലുള്ള വർക്കിംഗ് ഗ്രൂപ്പ്, പദ്ധതി മേൽനോട്ട ചുമതലയുള്ള ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ചുമതലാപരമായ പങ്ക് വഹിക്കുന്നതിൽ വീഴ്ച വരുത്തിയതാണ് മേൽ അപാകതക്ക് കാരണമായി തീർന്നത് .

ആരോഗ്യ വിഷയാധിഷ്ഠിത വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം ഫലപ്രദമാക്കുന്നതിലും പദ്ധതി ശരിയായ വിധത്തിൽ ആസൂത്രണം ചെയ്യുന്നതിലും ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തിയിട്ടില്ല. വിശദമായ പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ട ചുമതല വർക്കിംഗ് ഗ്രൂപ്പിനാണ്. പ്രൊജക്ട് റിപ്പോർട്ടിൽ പദ്ധതിയുടെ അനിവാര്യത,ഫീസിബിലിറ്റി, നിയമ സാധുത ,വിജയസാധ്യത ,പ്രായോഗികത, നിർവ്വഹണ ഘട്ടത്തിലുണ്ടാകാനിടയുള്ള വെല്ലുവിളികൾ എന്നിവ വിശദമായി പരിശോധിക്കപ്പെടേണ്ടതും ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രൊജക്ട് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതുമാണ്. എന്നാൽ അത്തരം പരിശോധനകളൊന്നും തന്നെ നടന്നതായി കാണുന്നില്ല.പദ്ധതി ആസൂത്രണ ഘട്ടത്തിൽ തന്നെ ഭാവിയിൽ ഉണ്ടാകാനിടയുള്ള വെല്ലുവിളികൾ മുൻകൂട്ടി കാണുന്നതിന് ( പുതിയ കെട്ടിടം നിർമ്മിക്കുന്ന സാഹചര്യം,പഴയ കെട്ടിടത്തിന്റെ നിലനിൽപ് കാലം എന്നിവ) സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സാധിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പദ്ധതി നിർവ്വഹണഘട്ടത്തിൽ പങ്കാളിയാവുന്നെണ്ടെന്ന് ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 3-12 പദ്ധതി ആസൂത്രണത്തിലെ പിഴവ്- എം.ആർ.എഫ് കേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല.

| പദ്ധതി വിശദാംശങ്ങൾ | |
|---|---|
| പ്രൊജക്ട് നം | 51/2018 |
| പ്രൊജക്ടിന്റെ പേര് | വടകര ബ്ലോക്ക് പഞ്ചായത്ത് വ്യവസായ എസ്റ്റേറ്റ് കെട്ടിടത്തിൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് മെഷീനറികൾ സ്ഥാപിക്കൽ |

| | |
|---|---|
| | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വ്യവസായ വികസന ഓഫീസർ |
| അടങ്കൽ | 1100000 (വികസന ഫണ്ട്,ജനറൽ) |
| ചെലവ് | 1004143 (ബിൽനം 2/22.03.2018- 21200 1/23.03.2018- 982943) |

വടകര ബ്ലോക്ക് പഞ്ചായത്തിലെ വ്യവസായ എസ്റ്റേറ്റിലെ മൂന്നാം നമ്പർ പ്ലോട്ടിൽ ഒരു എം.ആർ.എഫ് കേന്ദ്രം (മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ ) ആരംഭിക്കുന്നതിലേക്കായി ക്ലീൻ കേരള കമ്പനി ലിമിറ്റഡിൽ നിന്നും ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് വാങ്ങി സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.എം.ആർ.എഫ് കേന്ദ്രത്തിന്റെ കെട്ടിടത്തിന്റെ വികസനം, ഇലക്ട്രിഫിക്കേഷൻ എന്നീ അനുബന്ധ പ്രൊജക്റ്റുകളും 2017-18 വർഷത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

07.12.2017 തിയ്യതിയിൽ മെഷീനുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ഇലക്ട്രിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ ഓഡിറ്റ് തിയ്യതി വരെയും സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടില്ല. 31.10.2017 തിയ്യതിയിൽ മെഷീനുകൾ വിതരണം ചെയ്ത ക്ലീൻ കേരള കമ്പനിയുമായി വടകര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഏർപ്പെട്ടിരിക്കുന്ന കരാറിലെ ആറാം നമ്പറായുള്ള നിബന്ധന പ്രകാരം ഇൻവോയിസ് തിയ്യതി മുതൽ ഒരു വർഷ കാലത്തേക്കാണ് മെഷീനുകൾക്ക് സൗജന്യ വാറന്റിയുള്ളത്.ആയത് 06.12.2018 തിയ്യതിയിൽ അവസാനിക്കുന്നതാണ് . പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ഓഡിറ്റ് തിയ്യതി വരെയും പ്രവർത്തനമാരംഭിച്ചിട്ടില്ലാത്തതിനാൽ വാറന്റി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാവാനിടയുണ്ട്.ഒരു വർഷത്തേക്കുള്ള സൂപർവിഷൻ ചാർജ്ജായി ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് നൽകിയ 41000 രൂപ കരാർ പ്രകാരം സമാന രീതിയിൽ നഷ്ടപ്പെടും. പദ്ധതി ആസൂത്രണ പ്രക്രിയയിലുണ്ടായ വീഴ്ചകളാണ് മേൽ അപാകതകൾക്ക് കാരണമായത്. എം.ആർ.എഫ് കേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ പ്രൊജക്റ്റ് ഘട്ടങ്ങൾ മുൻഗണനാ ക്രമത്തിൽ നടപ്പാക്കുന്നതിൽ സ്ഥാപനത്തിന് സാധിച്ചിട്ടില്ല. ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് മുൻപായി മെഷീനുകൾ വാങ്ങിയത് ആയതിന് ഉദാഹരണമാണ്.

ചെറുകിട വ്യവസായ വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്സ് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം ഫലപ്രദമാക്കുന്നതിലും പദ്ധതി ശരിയായ വിധത്തിൽ ആസൂത്രണം ചെയ്യുന്നതിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തിയിട്ടില്ല. വിശദമായ പ്രൊജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ട ചുമതല വർക്കിംഗ് ഗ്രൂപ്പിനാണ്. പ്രൊജക്റ്റ് റിപ്പോർട്ടിൽ പദ്ധതിയുടെ അനിവാര്യത,ഫീസിബിലിറ്റി, നിയമ സാധുത ,വിജയസാധ്യത ,പ്രായോഗികത, നിർവ്വഹണ ഘട്ടത്തിലുണ്ടാകാനിടയുള്ള വെല്ലുവിളികൾ

എന്നിവ വിശദമായി പരിശോധിക്കപ്പെടേണ്ടതും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രൊജക്ട് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതുമാണ്. എന്നാൽ അത്തരം പരിശോധനകളൊന്നും തന്നെ നടന്നതായി കാണുന്നില്ല..

പദ്ധതി പ്രകാരം എം.ആർ.എഫ് കേന്ദ്രത്തിന്റെ കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടും കെട്ടിടവും (തറനില) നന്ദനം സ്വയം സഹായ സംഘം പ്രസിഡണ്ട് ,ശ്രീമതി.ബിന്ദു.കെ എന്നവരുടെ കൈവശത്തിലായിരുന്നു. പ്ലോട്ട് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തത് സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. പ്ലോട്ടിൽ നിലവിലുള്ള ഒരുനില കെട്ടിടം പരിഷ്കരിക്കുന്നതിനാണ് 46 /18 നമ്പർ പ്രൊജക്ട് പ്രകാരം 433417 രൂപ ചെലവഴിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടം വൈദ്യുതീകരിക്കുന്നതിനാണ് 68/18 നമ്പർ പ്രൊജക്ട് പ്രകാരം 320000 രൂപ പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംഗിന് കൈമാറിയിട്ടുള്ളത്.എന്നാൽ കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് നിയമപരമായി ഏറ്റെടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്ലോട്ടിന്മേൽ നന്ദനം സ്വയംസഹായ സംഘത്തിനുള്ള നിയമപരമായ എല്ലാ അവകാശങ്ങളും റദ്ദാക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്താതെയാണ് പ്ലോട്ടിൽ 853417 രൂപ ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി ആസൂത്രണ ഘട്ടത്തിലും നിർവ്വഹണ ഘട്ടത്തിലും സുപ്രധാന ചുമതലകൾ നിർവ്വഹിക്കേണ്ട ചെറുകിട വ്യവസായ വർക്കിംഗ് ഗ്രൂപ്പ് ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി നിർവ്വഹണമേൽനോട്ടത്തിൽ വരുത്തിയ വീഴ്ചയുമാണ് മേൽ പരാമർശിച്ചിരിക്കുന്ന അപാകതകൾക്ക് കാരണമായത്. ഇലക്ട്രിഫിക്കേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസി വീഴ്ച വരുത്തിയിട്ടും ഉടമ്പടി കരാർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് തയ്യാറായിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1. പ്ലോട്ട് നിയമപരമായി ഏറ്റെടുത്ത് ആയത് സംബന്ധിച്ച രേഖ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. ഇലക്ട്രിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്. കരാർ നിബന്ധനകൾ പാലിക്കാൻ നിർവ്വഹണഏജൻസിയോട് ആവശ്യപ്പെടാവുന്നതാണ്.

3. ക്ലീൻ കേരള കമ്പനിയുമായി ബന്ധപ്പെട്ട് സൂപ്പർവിഷൻ കരാർ കാലം,സൗജന്യ വാറന്റി കാലയളവ് എന്നിവ ദീർഘിപ്പിക്കുന്നതിനുള്ള സാധ്യത തേടേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 280000 | ഐ.എ.വൈ-ജനറൽ | - | 280000 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | | പി.എം.എ. വൈ | | |
| ഗ്രാമ പഞ്ചായത്ത് | 2017-18 | 240000 | പി.എം.എ. വൈ - പട്ടിക ജാതി | 240000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് | എം.ആർ.എഫ് കേന്ദ്രം, കെട്ടിടം വയറിംഗ് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന് ഡെപ്പോസിറ്റ് തുക കൈമാറൽ ( പ്രോജക്ട് നം. 88 ) | ലഭ്യമല്ല | 320000 | 320000 | - |
| പൊതുമരാമത്ത് ഇലക്ട്രോണിക് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ | വടകര ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി ഹാളിൽ കോൺഫറൻസിംഗ് സിസ്റ്റം സ്ഥാപിക്കൽ - പൊതുമരാമത്ത് ഇലക്ട്രോണിക് വിഭാഗത്തിന് ഡെപ്പോസിറ്റ് തുക കൈമാറൽ ( പ്രോജക്ട് നം. 83 ) | ലഭ്യമല്ല | 420233 | 420233 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 8 | 2004-05 | II 3-1 | ഒഞ്ചിയം റൂറൽ സാനിറ്ററി മാർട്ട് | റിപ്പോർട്ട് സമർപ്പിച്ചു |
| 2003-04 | 3(3) | 2005-06 | 70(4) | ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തിയാകാത്തത് | ഭവന നിർമ്മാണം പൂർത്തിയായതാണ്. റിപ്പോർട്ട് സമർപ്പിച്ചു. |
| 2003-04 | 3(4) | 2005-06 | 70(4) | ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തിയാകാത്തത് | ഭവന നിർമ്മാണം പൂർത്തിയായതാണ്. റിപ്പോർട്ട് സമർപ്പിച്ചു. |
| 2003-04 | 3(1) | 2005-06 | 70(1) | വനിതാ വ്യവസായ എസ്റ്റേറ്റ് | മറുപടി സമർപ്പിച്ചു. |
| 2003-04 | 3(7) | 2005-06 | 70(3) | പട്ടികജാതി വനിതകൾക്ക് ഇലക്ട്രോണിക്സ് പരിശീലനം | മറുപടി സമർപ്പിച്ചു. |
| 2013-14 | 3(7) | 2013-14 | 5.3.5(13)(4) | അഴിയൂർ മിനി വ്യവസായ എസ്റ്റേറ്റ് | മറുപടി സമർപ്പിച്ചു. |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 27346929 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31885378 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,85,332 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 215812 | ശ്രീമതി. കെ. ജീനാബായ്, സെക്രട്ടറി |
| 3-1(1) | 1,04,000 | ശ്രീമതി.കെ.ജീനബായ്, സെക്രട്ടറി |
| 3-1(2) | 16,983 | |
| 3-1(3) | 94,829 | |
| 3-5 | 1,03,020 | ശ്രീമതി.ബി.കെ.ജയശ്രീ. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വടകര |
| 3-10 | 66,500 | ശ്രീമതി.ധന്യ.ടി.എൻ ശിശുവികസന പദ്ധതി ഓഫീസർ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി. കെ. ജീനാബായ്, സെക്രട്ടറി | സെക്രട്ടറി, വടകര ബ്ലോക്ക് പഞ്ചായത്ത് | അശ്വതി, പോസ്റ്റ്. ചേന്ദമംഗലം വടകര 673104 |
| ശ്രീമതി.ബി.കെ.ജയശ്രീ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വടകര | ഹരിശ്രീ വീട് മുളകുന്നത്ത് കാവ് തൃശ്ശൂർ – 680 581 |
| ശ്രീമതി.ധന്യ.ടി.എൻ | ശിശുവികസന പദ്ധതി ഓഫീസർ | തെക്കേനമ്പാറത്ത് വീട് മേലൂർ പോസ്റ്റ് കൊയിലാണ്ടി, കോഴിക്കോട് |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(2) തീയതി 26.5.2018 | 1<br>8 | നിയമ സഭാ സമിതി മുമ്പാകെ - 1 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(3) തീയതി 26.5.2018 | 6<br>1(3),1(4), 30, 3(3), 3(4), 3(7) | നിയമ സഭാ സമിതി മുമ്പാകെ - 6 |

| | | | |
|---|---|---|---|
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(4) തീയതി 26.5.2018 | 1<br>3(3) | - |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(5) തീയതി 26.5.2018 | 1<br>3(2) | - |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(7) തീയതി 26.5.2018 | 1<br>3(11) | - |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(10) തീയതി 26.5.2018 | 2<br>3-3, 37(3) | - |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(11) തീയതി 26.5.2018 | 7<br>3-2,(4), 3-, 3-5, 3-6,3-9, 3-10, 3-17 | - |
| 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(12) തീയതി 26.5.2018 | 4<br>3-1, 3-2, 3-7, 3-8 | നിയമ സഭാ സമിതി മുമ്പാകെ - 1 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(13) തീയതി 26.5.2018 | 6<br>3-1, 3-4, 3-9, 3-10, 3-11, 3-14 | - |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി.7/1636/2017 തീയതി.27.03.18 | 6<br>2-1, 3-2, 3-3, 3-4 3-5, 3-6, 3-7, 3-8 | |
| | ആകെ | 29 | 7 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്

# **1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.കെ.ഡി/പി7/1761/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
E-mail: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012
തീയതി-16.10.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ് അവലംബിച്ചും 22.05.18 ലെ (സാ.ധാ)1413/18 തസ്വഭവ നം. സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017 –18 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്